# പ്രസന്നകേരളം

SAHRUDAYA PUBLIC LIBRARY

ഇ എം എസ് നമ്പൂതിരിപ്പാട്

## കൊച്ചിയുടെ ഐക്യകേരള പ്രസ്ഥാനം

### ജനങ്ങൾക്കെതിരായി നാട്ടുരാജാക്കന്മാരുടെ ഗൂഢാലോചന

കൊച്ചിനിയമസഭയുടെ ബഡ്ജറ്റുസമ്മേളനത്തിനയച്ച ഒരു സന്ദേശത്തിൽ മഹാരാജാവു അതിപ്രധാനമായ രണ്ടു പ്രഖ്യാപനങ്ങൾ ചെയ്തു

1. എനിക്കുവേണ്ടിയും സ്റ്റേറ്റിനു വേണ്ടിയും പറയുകയാണെങ്കിൽ തിരുവിതാംകൂറിനോടും കൊച്ചിയോടും യോജിച്ചു ഐക്യകേരളപ്രസ്ഥാനം സ്ഥാപിക്കുവാൻ ഞാൻ തയ്യാറാണെന്നു മാത്രമല്ല, അതിനു അതിയായി ആഗ്രഹിക്കുന്നുമുണ്ട്. ഈ ആശയംവച്ചു, കൊണ്ടും കേരളസംസ്ഥാനസ്ഥാപനത്തോടു മലബാറിലെ ജനങ്ങളും തിരുവിതാംകൂറിലെ പുരോഗമിയായ ഭരണാധികാരിയും യോജിക്കുകയാണെങ്കിൽ എത്രകണ്ടാണൊ ചെയ്യുന്നതെന്നു അറിയുന്നതിനുവേണ്ടിയും മദ്രാസ് ഗവർമ്മെണ്ടും, തിരുവിതാംകൂർ ഗവർമ്മെണ്ടുമായി കൂടിയാലോചനകൾ ആരംഭിക്കുന്നതിനു ഞാൻ എന്റെ ദിവാനോടു ആജ്ഞാപിച്ചിട്ടുണ്ട്

2 കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കു കൊച്ചിക്കു എത്ര പ്രതിനിധികളെ അനുവദിക്കാമെന്നു ഇതുവരെയും തീർച്ചയായിട്ടില്ല. എങ്കിലും തെരഞ്ഞെടുപ്പു, രീതിയെപ്പറ്റിയുള്ള എല്ലാസംശയങ്ങളും അവരുടെ പ്രതിനിധിയെയോ പ്രതിനിധികളെയോ തെരഞ്ഞെടുക്കുവാൻ ജനങ്ങളെ അനുവദിക്കണമെന്നു അവസാനമായ പരിചിന്തനത്തിനു ശേഷം ഞാൻ തീരുമാനിച്ചിരിക്കുന്നുവെന്നു പ്രഖ്യാപിക്കുവാനും എനിക്കു സന്തോഷമുണ്ട്. ഈ പ്രവൃത്തിചെയ്യുന്നതു കൗൺസിൽമൂലമായിരിക്കും

#### പരമാധികാരം വച്ചൊഴിയണോ?

“ഐതിഹാസികമായ ഒരു സന്ദേശം”............തിരുമേനി പ്രജാലക്ഷങ്ങളുടെ സ്നേഹാദരങ്ങൾ സമ്പാദിച്ചിരിക്കുന്നു. എന്നൊക്കെയാണു, കൊച്ചിനിയമസഭയുടെ ഒരു അംഗവും മദ്രാസിൽനിന്നു കോൺഗ്രസ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കു തിരഞ്ഞെടുത്ത അംഗവുമായ ദാക്ഷായണിവേലായുധൻ പ്രഖ്യാപനത്തെ സ്വാഗതംചെയ്തുകൊണ്ടു അഭിപ്രായപെട്ടതു്

മദ്രാസിലെ മലയാളികളുടെ സംഘടനയായ “മദിരാശി കേരളസമാജം” കൊച്ചിമഹാരാജാവിനയച്ച ഒരു കൃതജ്ഞതാപത്രത്തിൽ പ്രതിഫലിച്ചുകാണുന്നതും ഈവിധമായ ആശയഗതികളാണ്.

ഈ അഭിപ്രായത്തെ സർ സി പി രാമസ്വാമിഅയ്യരും, അദ്ദേഹത്തിന്റെ അനുയായികളും പ്രത്യേകരീതിയിൽ പിൻതാങ്ങി. നിർദ്ദിഷ്ടമായ ഐക്യകേരള സംസ്ഥാനത്തിൽ ചേരണമെങ്കിൽ തിരുവിതാംകൂറിനു അതിന്റെ പരമാധികാരം വച്ചൊഴിയേണ്ടിവരുമെന്നാണു അദ്ദേഹം പറഞ്ഞതു്. ഇതിൽനിന്നു വ്യക്തമാകുന്ന അനുമാനം, കേരളത്തിന്റെ പൊതുതാൽപര്യങ്ങൾക്കു വേണ്ടി കൊച്ചി മഹാരാജാവു അദ്ദേഹത്തിന്റെ പരമാധികാരം വച്ചൊഴിയാൻ തയാറാണെന്നാണ്

പക്ഷെ പരമാധികാരം വച്ചൊഴിയാനുള്ള സന്നദ്ധത സർ സി പി യെ

## ഓണംലക്കം
### കഥകൾമാത്രം
കൂടുതൽ വിവരങ്ങൾക്കു്
7—ാംപേജ് നോക്കുക

ക്കാൾ ഒട്ടും കൂടുതലായി കൊച്ചിമഹാരാജാവിനില്ലെന്നു പ്രഖ്യാപനം സൂക്ഷിച്ചു പരിശോധിച്ചാൽ കാണാൻ കഴിയും,

അദ്ദേഹം പറയുന്നു—

ഇതു സംപ്രാപ്തമാക്കുവാൻ പുരാതീനരാജവംശങ്ങളും ജനങ്ങളുമായിട്ടുള്ള ബന്ധം ക്ഷതപ്പെടാത്ത രീതിയിലുള്ള ഒരു ഭരണരീതി രൂപീകരിക്കുവാൻ മലബാറും കൊച്ചിയും, തിരുവിതാംകൂറുംകൂടി യോജിക്കേണ്ടിയിരിക്കുന്നു.

പിന്നെയും

ഇതിന്റെ സാരം എന്റെ വംശത്തിന്റെ ജോലികൾ വച്ചൊഴിയുന്നുവെന്നല്ല അവ വ്യത്യാസപ്പെടുത്തേണ്ടിവരും.

അവസാനമായി,

നിങ്ങളുടെ കൈകളിൽ എന്റെ വംശത്തിന്റെ അഭിമാനം സുരക്ഷിതമാണെന്നും, എന്റെ വംശത്തിന്റെ ഭരണാധികാരത്തെ ധ്വംസനം ചെയ്യുന്ന ഒന്നും നിങ്ങൾ ചെയ്യുകയില്ലെന്നും ഉള്ള ഉറച്ച വിശ്വാസത്തിന്മേലാണു ഗുരുതരമായ ഈ ഉത്തരവാദിത്വം ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നതു്.

വംശത്തിന്റെ ഭരണപരമായ പരമാധികാരവും, വംശത്തിന്റെ ജോലികളും എങ്ങിനെയാണു ജനങ്ങളുടെ നേരെ പ്രയോഗിക്കുന്നതെന്നു പരിശോധിക്കുമ്പോഴാണു മഹാരാജാവിന്റെ ഐക്യകേരളപ്രഖ്യാപനത്തിന്റെ കള്ളി പുറത്താകുന്നതു്. സ്വാർത്ഥജീവിതത്തിൽ അതെങ്ങനെ ഉപയോഗിക്കപ്പെടുന്നു?

ഈ പ്രഖ്യാപനത്തിനു ഒരുമാസം മുമ്പു അധ:കൃതർക്കു പൊതുനിരത്തുകൾ ഉപയോഗിക്കുവാനുള്ള അവകാശത്തെ

## വിഷയവിവരം

1 കൊച്ചിയുടെ ഐക്യകേരളപ്രസ്ഥാനം — ഇ എം എസ്
2 കപിററിന്ത്യാ-ചെറുകഥ — പൊൻകുന്നം വർക്കി
3 ആ നീലക്കയിൽ- — ചങ്ങമ്പുഴകൃഷ്ണപിള്ള
4 നായർ എന്തുചെയ്യണം- — എൻ രാഘവക്കുറുപ്പു
5 കർഷകന്റെ ആവശ്യങ്ങൾ — എം ഇ മത്തായി
6 ചില്ലറ- — . ഇസഡ്
7 തൊഴിലാളി
8 ഗാന്ധിജിയും പണിമുടക്കുകളും- — പീപ്പിൾസ്‌ഏജ്

പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം 18 ലക്കം 17
25-8-46
വില രണ്ടണ

സംഘടിപ്പിച്ച് ഒരു ബഹുജനപ്രക്ഷോഭണമുണ്ടായി. ഒരു ക്ഷേത്രത്തിന്റെ പരിസരത്തിലുള്ള റോഡ് അവർ ഉപയോഗിക്കുന്നതിനെ നിരോധിക്കുന്ന ഒരു ഉത്തരവിനെ ലംഘിച്ചവരെ അറസ്റ്റുചെയ്യുകയും ക്രൂരമായി മർദ്ദിക്കയും ചെയ്തു. അധകൃതരുടെ എല്ലാസംഘടനകളുടെയും കമ്മ്യൂണിസ്റ്റുപാർട്ടിയുടെയും, പ്രജാമണ്ഡലത്തിന്റെയും സംയുക്തബലംകൊണ്ടു മാത്രമെ ഗവർമ്മെണ്ടിനെക്കൊണ്ടു ആ ഉത്തരവു പിൻവലിപ്പിക്കുവാൻ കഴിഞ്ഞുള്ളു.

ഈ ഉത്തരവു പിൻവലിച്ചതിനുശേഷവും, രാജകുടുംബംപോലും ഏറ്റവും ലജ്ജാകരമായ തരത്തിൽ അയിത്തം പാലിച്ചുപോരുന്നു. അധകൃതവർഗത്തിൽപെട്ട ഉദ്യോഗസ്ഥന്മാർക്കും, നിയമസഭാസാമാജികന്മാർക്കും ചില പ്രത്യേകദിവസങ്ങളിൽ, ചില പ്രത്യേകസന്ദർഭങ്ങളിൽമാത്രം അതും മഹാരാജാവു "അശുദ്ധ"നായിരിക്കുമ്പോൾ മാത്രമെ അദ്ദേഹത്തെ കാണുവാൻ അനുവാദമുള്ളു

കർഷകൻ ദുർവഹമായ പാട്ടം കൊടുക്കേണ്ടിയിരിക്കുന്നു. കുടിയായ്മ നിയമം ചെയ്തിരിക്കുന്നതു് ന്യായമായ പാട്ടനിരക്ക് ഏർപ്പെടുത്തുകയല്ല, നിയമനിർമ്മാണസമയത്തെ അന്യായനിരക്കുകളെ സ്ഥിരീകരിക്കുകയാണ് (1930ലെ മദ്രാസ് കുടിയാൻനിയമപ്രകാരം വിളവിന്റെ മൂന്നിൽ രണ്ടുഭാഗം 'ന്യായമായപാട്ടം' ആയി തിട്ടപ്പെടുത്തിയിരിക്കുന്നു. മിക്കവാറും എല്ലാവശങ്ങളിലും ആ നിയമത്തെ അനുകരിക്കുന്ന കൊച്ചി കുടിയാൻ നിയമപ്രകാരം നിലവിലുള്ള പാട്ടം ന്യായമായ പാട്ടമായി ഗണിക്കപ്പെടുന്നതാണ്.)

അഴീക്കോട്ട് നടക്കുന്നതു് ഒരു ജന്മിയുടെ നേതൃത്വത്തിലുള്ള ഗുണ്ടാകളുടെ ഭീകരഭരണമാണ്. കർഷകസംഘടനയ്ക്കു് മുതിരുന്നവരെയും (പ്രജാമണ്ഡലം വർത്തകർ കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങൾ, ഈഴവർമുതലായവർ) അവർ ദേഹോപദ്രവം ഏല്പിക്കുന്നു. സ്റ്റേറ്റിലെ പോലീസ് കണ്ണടച്ചുനോക്കി നില്ക്കയും ചിലപ്പോൾ ജന്മിയെ പ്രേരിപ്പിക്കയും ചെയ്യുന്നു.

കൊച്ചിയിലുള്ള ആകെ ഭൂമിയിൽ നാൽപ്പതുശതമാനത്തിലധികം രാജകുടുംബത്തിന്റെയും ക്ഷേത്രങ്ങളുടെയും കൈവശമാണെന്നു് ഇവിടെ സ്മരിക്കേണ്ടതുണ്ട്. മിച്ചമുള്ളവ മിക്കവാറും രാജകുടുംബവുമായി വൈവാഹികബന്ധമുള്ള ജന്മികളുടെ കൈവശവുമാണ്. അതുകൊണ്ടു് ഇന്നത്തെ ഭൂമിയുടമസമ്പ്രദായം നിലനിറുത്തിപ്പോരുന്നതിൽ സ്റ്റേറ്റു് അതീവതല്പരമാണ്

ഇങ്ങനെ അയിത്തബാധിതവും ജന്മിപ്രബലതാപരവുമായ ഒരു രാജ്യത്തിലെ മഹാരാജാവു് എങ്ങിനെയാണ് പൊടുന്നനവേ ഐക്യകേരളവാദിയും നിയമപരമായ രാജത്വത്തിന്റെ വിനീതദാസവുമായിത്തീർന്നതു്; എങ്ങിനെയാണു് കോൺസ്റ്റിറ്റ്യുവന്റു് അസംബ്ളിയിലേക്കു് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അയയ്ക്കാൻ സമ്മതിക്കുന്നതു്.

കാരണം വളരെ ലളിതമാണ്. കാശ്മീരിന്റെ ചൈതന്യം പടർന്നുപിടിക്കുന്നുണ്ടെന്നു് അദ്ദേഹത്തിനറിയാം. (പണ്ഡിറ്റ് നെഹ്‌റുവിന്റെ അറസ്റ്റു് സമയത്തു് പല സ്ഥലങ്ങളിലും ഭീമമായ പ്രകടനങ്ങളുണ്ടായി. അന്നു് വിളിക്കപ്പെട്ട മുദ്രാവാക്യങ്ങളിൽ നാട്ടുരാജാക്കന്മാരെ സ്ഥാനഭ്രംശം ചെയ്യിക്കണം, എന്നതുകൂടി ഉൾപ്പെട്ടിരുന്നു) മർദ്ദനം നിർല്ലോഭമായി പ്രയോഗിക്കുന്നുണ്ടെങ്കിലും, അതുകൊണ്ടുമാത്രം ഇതു് അടിച്ചമർത്താൻ കഴിയുകയില്ല. ജനാധിപത്യത്തിന്റെ വേഷം കാട്ടുകകൂടി ചെയ്യേണ്ടതുണ്ടു്.

മർദ്ദിതരും ചൂഷിതരുമായ കർഷകവർഗ്ഗത്തെ ഒഴിച്ചുനിർത്തി, ജനകീയഭരണം ഉയർന്ന വർഗ്ഗങ്ങൾക്കു് മാത്രമെന്നു് പരിമിതമാക്കിയാൽ, വംശത്തിന്റെ [illegible]അഭിമാനവും ഭരണാധികാരവും മറ്റും കാത്തുരക്ഷിക്കപ്പെടും എന്നും മഹാരാജാവു് തിരുമനസ്സിനു് അറിയാം. പോര, തിരുവിതാംകൂർ കൊച്ചി രാജകുടുംബങ്ങൾക്കു് അവരുടെ ബന്ധുക്കളും സേവകന്മാരും (ജന്മികൾ, മുതലാളികൾ, പ്ലാന്റന്മാർ) മുഖാന്തിരം കേരളത്തിൽ മുഴുവനും അവരുടെ അധികാരം നടത്തുവാനും കഴിയും

ഒന്നുണ്ടു്, ഈ ഉദ്യമത്തിന്റെ പിന്നിൽ മഹാരാജാവു് മാത്രമല്ല ഉള്ളതു്. ഈ സന്ദേശം നിയമസഭയിൽ വായിച്ചതു് ഒരു ബ്രിട്ടീഷ് സിവിലിയൻ ഉദ്യോഗസ്ഥനായ ദിവാൻ സർ. ജോർജ്ജ് ബോഗ് ആയിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്.

### ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കൈ

നാലുവർഷംമുമ്പു്, അന്നത്തെ മഹാരാജാവിനു് ഒരു കൊച്ചിക്കാരനെ ദിവാനായി നിയമിക്കണമെന്നു് മോഹമുണ്ടായി. വൈസറോയിയുടെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റു് ആ നിർദ്ദേശത്തെ തള്ളിക്കളഞ്ഞു. ഒരു ബ്രിട്ടീഷ് സിവിലിയൻ ഉദ്യോഗസ്ഥനായ മി. ഡിക്സൻ മഹാരാജാവിന്റെമേൽ കെട്ടിവയ്ക്കപ്പെട്ടു. അദ്ദേഹത്തെ ബ്രിട്ടീഷ് ഇന്ത്യയിലേക്കു് തിരിച്ചുവിളിക്കേണ്ടിവന്നപ്പോൾ മറ്റൊരാളെ, ഇപ്പോഴത്തെ ദിവാൻ സർ ജോർജ്ജ് ബോഗിനെ ഇങ്ങോട്ടയച്ചു.

ആ ദിവാൻ തന്നെ ഇന്നു് പ്രസ്താവിക്കുന്നു, സ്വന്തം ദിവാനെ നിയമിക്കുവാൻ അധികാരമില്ലാത്ത മഹാരാജാവിന്റെ ആഗ്രഹമാണു് ഐക്യകേരളമെന്നു്.

അല്ല, സർ ജോർജ്ജ് അവർകളേ! നിങ്ങൾ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ആഗ്രഹം മഹാരാജാവിന്റെ ഭാഷയിൽ പറഞ്ഞുവെന്നു മാത്രം. ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള, തേയില, റബ്ബർ തോട്ടങ്ങളും, തുന്നി, കയർ, ഓട്ട് ഫാക്ടറികളും, കൊച്ചി തുറമുഖവും, മൂന്നിലൊന്നു് കോൺഗ്രസ്സ് ഗവർമ്മെന്റിന്റെ കീഴിലായിരിക്കുന്ന വിഭക്തകേരളത്തിലേതിനേക്കാൾ സുരക്ഷിതമായിരിക്കുന്നതു് രണ്ടു രാജകുടുംബങ്ങൾ അധികാരം നടത്തുന്ന ഐക്യകേരളത്തിലായിരിക്കുമെന്നു് നിങ്ങളുടെ യജമാനന്മാർ ഗണിക്കുന്നുവെന്നതാണ് പരമാർത്ഥം.

നിങ്ങളുടെ സഹപ്രവർത്തകനായ സർ. സി. പി. ഇതിനെ എതിർക്കുന്നുണ്ടെങ്കിൽ, അതിന്റെ കാരണം അദ്ദേഹം വേവലിന്റെയും ക്രിപ്സിന്റെയും കാലത്തല്ല ജീവിക്കുന്നതു് വില്ലിംഗ്ഡന്റെ കാലത്താണെന്നതാണ്. സമീപഭാവിയിൽ അദ്ദേഹവും ഇതു് സ്വീകരിക്കേണ്ടിവരും.

കേരളീയരായ നാം ഒരു ഐക്യകേരളം വേണമെന്നാഗ്രഹിക്കുന്നു. പക്ഷേ, അതു് ജനാധിപത്യപരമായ ഒന്നായിരിക്കണം.

[illegible]പരമാധികാരത്തിന്റെ പ്രശ്നം ജനങ്ങളുടെ വിധിക്കു് വിട്ടുകൊടുക്കേണ്ടതാണെന്നു് നാം വിശ്വസിക്കുന്നു. ശതാബ്ദങ്ങളായി രാജവംശങ്ങൾ കേരളത്തിലെ മൂന്നിൽ രണ്ടുഭാഗം ഭരിച്ചുകൊണ്ടിരിക്കുന്നു. ഇനി അവരുടെ ഭാവിയെന്തെന്നു് അവർ ജനങ്ങളോടു് അന്വേഷിക്കേണം.

നമുക്കു് ജനാധിപത്യവും, ഉത്തരവാദഭരണവും വേണം. അതു് ജന്മികളുടെയും ലാഭക്കൊതിയന്മാരുടെയും ആയിരുന്നുകൂടാ. പ്രായപൂർത്തിവോട്ടവകാശത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ടതും, മർദ്ദിതവിഭാഗങ്ങൾക്കു് ആനുപാതിക പ്രാതിനിധ്യം ലഭിക്കുന്നതുമായ ഒരു കോൺസ്റ്റിറ്റ്യുവന്റു് അസംബ്ളി മാത്രമാണ് ഐക്യകേരളത്തിന്റെ ഭരണഘടന രൂപീകരിക്കേണ്ടതും സ്വതന്ത്ര ഇൻഡ്യയിൽ കേരളത്തിന്റെ സ്ഥാനം നിശ്ചയിക്കേണ്ടതും.

Kottayam

Hotel Parklands
(Near Zillacourr)

പൊൻകുന്നം വർക്കി

# ക്വിററ് ഇന്ത്യാ—

അന്നു മാധവൻ ചന്തയിലേക്ക് ചുമ്മാ ഒന്നിറങ്ങിയതാണ്. അപ്പോളുണ്ട്, സത്രത്തിൽ ഒരാൾക്കൂട്ടം. പട്ടാളത്തിൽ ആളെടുക്കുന്ന കാര്യം അങ്ങനെയാണ് അയാൾ അറിയുക.

സർക്കാരുദ്യോഗത്തിനാണെങ്കിൽ ഫിഫ്ത്തുവരെ മാത്രമെ അയാൾ പഠിച്ചിട്ടുള്ളു. ബിസിനസ്സിനു പണമില്ല. കൃഷിക്കു സ്ഥലമില്ല. അന്യർ ആക്ഷേപം പറയാത്ത തരത്തിൽ നടപടികൾ മുന്നോട്ടു കൊണ്ടുപോകയും വേണം. മുണ്ട്, ഷർട്ട്, ചായ, ബീഡി, സിനിമാ എങ്ങനെയായാലും ഒരാൾക്കു കുറച്ചു ചെലവുകൾ സ്വന്തമായി കൂടിയേ തീരൂ. ഒരു കാൺസ്റ്റബിൾ മാത്രമായ അച്ഛനെ ചൂഷണം ചെയ്തു ചെയ്തു മടുത്തു. അച്ഛനിൽനിന്നു വലുതായൊന്നും ആശിക്കുവാനുമില്ല. ഏഴെണ്ണം അദ്ദേഹത്തിനു കളത്രസന്താനം. സ്ഥലംമാററം കിട്ടി ചെല്ലുന്നേടത്തെല്ലാം ഓരോ ഭാര്യ. ശമ്പളം പതിനാലു രൂപായും. രണ്ടുരൂപയ്ക്കു് ഒരു ഭാര്യ എന്നതാണ് ഭാര്യമാരും ശമ്പളവുമായുള്ള അദ്ദേഹത്തിന്റെ അനുപാതം.

പട്ടാളത്തിൽ ചെന്നാലുള്ള വെടിയെപ്പററിയും പടയെപ്പററിയും അയാൾ ചിന്തിക്കാതിരുന്നില്ല. എന്തായാലും ഒരിക്കൽ മരിക്കണം. മരിക്കുവോളം സുഖമായി ജീവിക്കണം ഇതായിരുന്നു അന്തിമതീരുമാനം. പട്ടാളഉദ്യോഗസ്ഥന്റെ അടുക്കലേക്ക് അയാൾ കയറിച്ചെന്നു. വേണ്ടത്ര പൊക്കവും, വണ്ണവും, ആരോഗ്യവും. പട്ടാള ഉദ്യോഗസ്ഥനു മാധവനെ നന്നാ പിടിച്ചു

മാധവനു പട്ടാളപ്പാളയത്തിലേക്കു തിരിക്കേണ്ട കാലമായി. സ്നേഹിതന്മാരോടെല്ലാം അയാൾ യാത്ര പറഞ്ഞു, ഒരുങ്ങേണ്ടുന്നതൊക്കെയെല്ലാം ഒരുങ്ങി. താങ്ങും തണലും എന്ന വിധം മാധവന് ഒരു ഉപദേഷ്ടാവുണ്ട്. നാട്ടുരാജ്യത്തിന്റെ സ്വാതന്ത്ര്യപ്രക്ഷോഭണത്തിൽ ഒരു സജീവ ഘടകമായ അദ്ദേഹം ജയിലിലാണ്. അദ്ദേഹത്തെ കാണാതെ പോകുന്നതും തന്റെ സഹോദരിയായ കാർത്തിയെ വിട്ടുപിരിയുന്നതും ഇങ്ങനെ രണ്ടു സംഗതിയാണു മാധവനു വിഷമം. കാർത്തിയും മാധവനും ഒററത്തള്ളയുടെ മക്കളാണ്. അമ്മ നേരത്തെ അവരിൽനിന്നും പിരിഞ്ഞുപോയി. രണ്ടാം തള്ളമാരുടെയും മററും മർദ്ദനങ്ങളെ അവർ ഒരുമയോടുനിന്നാണ് ചെറുത്തിട്ടുള്ളത്. അവർ ഒരുമിച്ചുനിന്നു വാദിച്ച് അവരുടെ അച്ഛനെപ്പോലും മടക്കിയിട്ടുണ്ട്. കാർത്തി മാധവന്റെ ജീവനാണ്. മാധവൻ അവളുടെ ആശ്രയവും. വേദനയുടെയും ഞെരുക്കങ്ങളുടെയും ദിവസങ്ങളെ ആത്മാർത്ഥതയോടുകൂടി അവർ കീറിമുറിച്ചു.

മാധവൻ പട്ടാളത്തിൽ പോകുന്നപക്ഷം ആ കൊച്ചുസഹോദരി നിരാധാരയാകും. ആ പതിന്നാലു വയസ്സുകാരി ഒരു പരിണതപ്രജ്ഞയെപ്പോലെയാണു മാധവനെ ശുശ്രൂഷിക്കുക. സഹോദരൻ പട്ടാളത്തിൽ പോകുന്നു എന്നു കേട്ടപ്പോൾ അവളുടെ കൊച്ചുഹൃദയത്തിനു പുകച്ചിൽ തുടങ്ങി. താൻ ആശ്രയഹീനയാകുന്നല്ലോ എന്നോർത്ത് അവൾ ഞെട്ടി, എങ്കിലും ജീവിതത്തിനുവേണ്ടിയുള്ള സഹോദരന്റെ സംരംഭത്തെ അവൾ പ്രതിരോധിച്ചില്ല. സ്ത്രീത്വം മുളയെടുത്തു തുടങ്ങിയ ആ കൊച്ചുഹൃദയത്തിൽ വേദനയുടെ ഭാരം അവൾ ഒളിച്ചുവച്ചു.

ഓപ്പയ്ക്കു് ജയിലിൽ ചെന്ന് അദ്ദേഹത്തെ ഒന്നു കാണാൻ വയ്യേ കാർത്തി ചോദിച്ചു. മാധവൻ അങ്ങനെ തീരുമാനിക്കയും ചെയ്തു. കുറെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും ജയിൽ സിൽബന്ധികളുടെ മേൽനോട്ടത്തിൽ ആ ഉപദേഷ്ടാവിനെ മാധവൻ കണ്ടു. ഒരു ഇരുമ്പഴിയുടെ ഉള്ളിൽ അദ്ദേഹം മാധവനു് അഭിമുഖനായി വന്നുനിന്നു. അദ്ദേഹത്തിന്റെ ആ നില കണ്ടപ്പോൾ മാധവന്റെ കണ്ണുകൾ നിറഞ്ഞുപോയി.

"എന്താ മാധവാ വിശേഷം? അദ്ദേഹം ചോദിച്ചു.

"ഞാൻ പട്ടാളത്തിൽ പോകുന്നു"

"പട്ടാളത്തിലോ"

"അതെ"

അൽപ്പനേരം മൗനംപൂണ്ടു നിന്നശേഷം ഒരു മന്ദഹാസത്തോടുകൂടി അദ്ദേഹം പറഞ്ഞു.

മാധവൻ തിരിച്ചുപോരുമ്പോൾ നാട്ടുകാരുടെ സ്വാതന്ത്ര്യംകൂടി കൊണ്ടുപോരണം, കേട്ടോ.

!!

മാധവൻ യാത്രയാകുന്നു. അത്യാവശ്യത്തിനുള്ള ചില ഉപകരണങ്ങൾ ഒരു ചെറിയ തുകൽപ്പെട്ടിയിൽ കാർത്തിതന്നെ അടുക്കിവച്ചു. ഓപ്പയ്ക്കു കളയാതിരിക്കുവാനുള്ള ചില ഉടുപ്പുകളുമൊക്കെയായിരുന്നു അതിലെ ഉള്ളടക്കം. അവരുടെ അച്ഛൻ അവിടെയില്ല മാധവൻ അന്നു പോകുമെന്നുള്ള കാര്യം ആ മനുഷ്യനു നേരത്തെ അറിയാം. പക്ഷെ പുത്രന്റെ യാത്രയെക്കാൾ വലിയ ഡിപ്പാർട്ടുമെന്റുകാര്യം അയാൾക്കു നിർവഹിക്കുവാനുണ്ടായി. മാധവന്റെ മനസ്സ് വേദനിക്കാതിരുന്നില്ല.

"ഞാൻ പോകട്ടെ കാർത്തീ"- പെട്ടി കൈയിൽ തൂക്കി നിലത്തു നോക്കിനിന്നുകൊണ്ടു ഗൽഗദകണ്ഠനായി അയാൾ ചോദിച്ചു. ആ സഹോദരിക്കു മറുപടിയൊന്നും ഇല്ല. അവൾ അയാളുടെ ഉദരത്തിൽ ഭുജവല്ലികൾ ചുററി. ഓപ്പയുടെ മാറിൽ കവിൾത്തടം ചേർത്തുനിന്നു ഏങ്ങലടിച്ചു കരഞ്ഞു. "കരയാതിരിക്കു. ആഴ്ചതോറും ഞാൻ കത്തുകളയക്കാം"

അവളുടെ ശിരസ്സിൽ ചുടേറിയ കണ്ണുനീർത്തുള്ളികൾ വീഴിച്ചുകൊണ്ടു അയാൾ ആശ്വസിപ്പിച്ചു.

മാധവൻ പുറപ്പെടുമ്പോൾ അയാൾ അഭിമുഖീകരിക്കുന്ന ശകുനത്തെപ്പററി കാർത്തി ശ്രദ്ധിച്ചു. ഒരു തടിയൻ ചേര പാവം ഒരു തവളയെ അമുക്കിവച്ചുകൊണ്ടിരിക്കുന്നു. തവള കരയുന്നുണ്ട്. ചേര പിടിവിടുന്നില്ല. ഒരു ആന തടി വലിക്കുന്നു. ആനപ്പുറത്തു കണ്ണുപോലും വെളുത്തിരിക്കുന്ന ഒരു ആനക്കാരൻ "മദ്യം, പച്ചയിറച്ചി" ഇതെല്ലാം അവൾ ഓർത്തുനോക്കി അതിലൊന്നും ഇവ ഉൾപ്പെടുന്നില്ല ഈ കണിയുടെ ഫലം എന്താണെന്നു അവൾക്കു അറിഞ്ഞുകൂടാ.

എട്ടു ദിവസം കഴിഞ്ഞപ്പോൾ കാർത്തിക്കു ഒരു എഴുത്തുകിട്ടി. തനിക്കു സുഖമാണെന്നും രാവിലെ ഏഴുമണിക്കു എഴുന്നേററു ഷേവ് ചെയ്യുമെന്നും

**ചെറുകഥ**

അതു കഴിഞ്ഞു ഒരു കപ്പ് ചായ കുടിച്ച് ഫീൽഡിൽ ഇറങ്ങുമെന്നും, ചപ്പാത്തിയും മററും ധാരാളം അടിക്കുമെന്നും മററും ഭിന്നമായ ദേശകാലമര്യാദകളും ആഹാരചര്യകളുമൊക്കെ ആ യുവതിക്കു പുതുമകൾകൊണ്ടു നിറഞ്ഞതായിരുന്നു. മാധവന്റെ ഓരോ കത്തും അവൾ പലവട്ടം വായിക്കും. കത്തു ആഴ്ചയിൽ ഒന്നു എന്നുള്ളതു മാസത്തിൽ ഒന്നായി അതു പിന്നെ രണ്ടും മൂന്നും മാസം കൂടുമ്പോളെന്നായി.

നാട്ടിലെ സ്നേഹിതന്മാരിൽ ഒരാളിൽനിന്നു മാധവനു ഒരിക്കൽ ഒരു കത്തുകിട്ടി. കാർത്തിക്കു അച്ഛനുമായി എപ്പോഴും പിണങ്ങുന്നതിനേ നേരമുണ്ടായിരുന്നുള്ളു എന്നും പതിവായി കത്തുകൊടുത്തുകൊണ്ടിരുന്ന പോസ്റ്റുമാനുമായി അവൾ ലപ്പടിച്ചെന്നും കാർത്തി എവിടെയോ കടന്നുകളഞ്ഞിരിക്കുന്നെന്നും. കത്തു വായിച്ചു കഴിഞ്ഞപ്പോൾ മാധവനു അടി മുതൽ മുടിവരെ തുള്ളലിളകി. ജബൽപ്പൂരിൽനിന്നു ഒററച്ചാട്ടത്തിനു നാട്ടിലെത്തിയാൽ കൊള്ളാമെന്നു അയാൾ ആശിച്ചു. അവധിക്കപേക്ഷിച്ചതിൽ അയാൾ നിരാശനായി. അച്ഛനു സുഖക്കേടാണെന്നു പറഞ്ഞു ഒരു കമ്പിയടിക്കുവാൻ സ്നേഹിതന്റെ

പേക്ഷ മാധവൻ ഒരു രഹസ്യക്കത്തെഴുതി.

കമ്പിവെച്ചു. മാധവനു രണ്ടാഴ്ചത്തെ അവധി കിട്ടി. ഒരു മിനിററുപോലും പാഴാക്കാതെ അയാൾ ചെന്നെത്തി. തൻെറ നാട്ടിൽ വളരെയധികം പരിവർത്തനങ്ങൾ. കാലിൽ ഒരുവക കറുത്തതടിച്ചുബൂട്ടീസുമായി നടന്ന മാധവനെക്കണ്ടു നാട്ടുകാരിൽ ചിലർ ചിരിച്ചു. മാധവനെ കണ്ടു രണ്ടു ഗ്രാമവൃദ്ധന്മാർ സംസാരിക്കയുണ്ടായി. "ഇവനിണ്ടു പോരുന്നാ പട്ടാളത്തീന്നു. ഇല്ല, അവൻെറ ഒടപ്പെറന്നോളെ തെരക്കിയോ മററൊ വന്നതാ" ഏതായാലും ഒരു ദൃത്താം വന്നുകൊണ്ടു നാട്ടിലെ പാഴുതടിയെല്ലാം പമ്പകടന്നു. എലവും കിളിഞ്ഞതിലും പുഴന്നതൊക്കെ ഇരുട്ടിം [illegible] നാട്ടിലൊണ്ടു. അതുപോലെ മനുഷ്യരുടെ കൂട്ടത്തിലും" അരച്ചാക്കരിയും രണ്ടുറാത്തൽ മുളകുമായിരുന്ന കച്ചവടക്കാർ പലരും പല പുരയിടങ്ങൾ എഴുതിച്ചിരിക്കുന്നു. അന്നു കണ്ട ചില കുടിലുകൾ ഉരുക്കൾ [illegible] കെട്ടിടങ്ങളായി മാറിയിരിക്കുന്നു. ഒട്ടുവളരെ സാധുകുടുംബങ്ങൾ ദാരിദ്ര്യം നിമിത്തം കുടി പുറപ്പെട്ടു എവിടെയോ മറഞ്ഞിരിക്കുന്നു. പരിചയക്കാരിൽ ഒട്ടുവളരെ പേർ മരിച്ചു. അന്നു ഒരു ചായക്കു അരയണ, ഇന്നു രണ്ടണ. അന്നു അഛൻെറ ഭാര്യയായി കഴിഞ്ഞുകൂടിയ സ്ത്രീയുടെ സ്ഥാനത്തു ഇന്നു ഒരു ചെറുപ്പക്കാരി. കാർത്തി എവിടെപ്പോയിരിക്കുന്നു എന്നു ആർക്കും നിശ്ചയമില്ല. ചിലർ പറഞ്ഞു അവൾ എറണാകുളത്തു കാണുമെന്നു. അതല്ല, തിരുവനന്തപുരംകാരനായിരുന്നു പോസ്റ്റുമാൻ. അതുകൊണ്ടു അവൾ അവിടെ കാണുമെന്നു മററു ചിലർ. മാധവനു സങ്കടവും അതിലിരട്ടി കോപവും ഉണ്ടായി. അച്ഛനമ്മമായി തല്ലല്ലാത്തതെല്ലാം അയാൾ നടത്തി. കാർത്തി പോയതോടുകൂടി ആ നാടു അയാൾക്കു മരുഭൂമിയായി. ചില അന്വേഷണങ്ങളെല്ലാം മാധവൻ നടത്താതിരുന്നില്ല. അപ്പോഴേക്കു തിരിച്ചുപോകേണ്ട കാലമായി. തകർന്ന ഹൃദയത്തോടെ മാധവൻ യാത്രയായി.

വല്ലപ്പോഴും ഒരിക്കൽ അയാൾ അഛനു വല്ലതും അയച്ചുകൊണ്ടിരുന്നു. ഇപ്പോൾ അതും കൊടുക്കുന്നില്ല. കൂട്ടുകാർ നാട്ടുകാര്യങ്ങൾ പറയുമ്പോൾ മാധവൻ മിക്കവാറും മൂകനായിരിക്കയേ ഉള്ളു. നാട്ടിലേക്കു പോരുന്നതിനു അയാൾക്കു ആസക്തിയുമില്ല.

യുദ്ധരംഗത്തിൽ അയാൾ നല്ലവണ്ണം ശോഭിച്ചു. കുറി തെററാതെ വെടിവെക്കുവാനും ശത്രുക്കളുടെ തന്ത്രങ്ങൾ മനസ്സിലാക്കി രക്ഷപെടുവാനും മാധവനുണ്ടായിരുന്ന സാമർത്ഥ്യം മേലധികാരികളുടെ അഭിനന്ദനങ്ങൾക്കു കാരണമായി. ആഹാരസാധനങ്ങൾ പുള്ളും സമരോപകരണങ്ങൾ സർവത്രയുമായി മററാരെയും കാൾ കൂടുതൽ മണിക്കൂർ മാധവൻ കിടങ്ങുകളിൽ കഴിച്ചുകൂട്ടി. ഒരിക്കൽ അയാൾ ഒരു കിടങ്ങിൽ ഒളിച്ചിരിക്കുമ്പോൾ ഒരു ബോംബു തലയ്ക്കു മുകളിൽകൂടി ചീറിവന്നു, അടുക്കൽ വീണു പൊട്ടുകയുണ്ടായി. കിടങ്ങിൽ ഇരുന്നുതന്നെ, അയാൾ ഉറങ്ങും, ആഹാരം കഴിക്കും, മലവിസർജ്ജനം നടത്തും. കൈയിലിരുന്ന ആഹാരസാധനം തീർന്നിട്ടും ഉദ്ദേശ്യം നാൽപത്തിഎട്ടു മണിക്കൂർ അയാൾ അവിടെത്തന്നെ ഇരുന്നു. അയാളുടെ നിരയിൽ ഉണ്ടായിരുന്നവർ അധികവും നശിച്ചു. കുറേപ്പേരെ ശത്രുക്കൾ പിടിച്ചു. മാധവൻ മാത്രമാണു പൗരുഷത്തോടുകൂടി പാളയത്തിൽ തിരിച്ചുചെന്നതു്. മറെറാരവസരത്തിൽ മാധവൻ രണ്ടുമൂന്നു സഹപ്രവർത്തകന്മാരൊത്തു് ശത്രുക്കളുടെ ഒരു ടാങ്ക് ആയുധസാമഗ്രികളോടുകൂടി പിടിച്ചെടുത്തു. ജപ്പാൻകാരുടെ ഒളിപ്പോരു നടന്നിരുന്ന ഒരു സ്ഥലത്തുവച്ചു് ഒരിക്കൽ ഒരു സംഭവമുണ്ടായി. ശത്രുക്കൾ പുറകോട്ടു ഓടിക്കൊണ്ടിരുന്ന ഒരു രംഗം. ഏതാണ്ടു എഴുപത്തിഅഞ്ചു സഹപ്രവർത്തകന്മാരോടുകൂടി മാധവൻ എട്ടു മൈലോളം മുമ്പോട്ടു കയറി. മുന്നോട്ടുമാത്രമേ ഉപയോഗാർഹമായി അപ്പോൾ ഉണ്ടായിരുന്നുള്ളു. വൃക്ഷപ്പം, കാടും, ദാകുവലയവും കണക്കിനു ഈ പുരോഗാമികളെ അനുഗമിക്കേണ്ടിയിരുന്നതു് അവരുടെ കടമയും പ്രാഥമികന്യവുമായിരുന്നു. പക്ഷെ അണിമുറിഞ്ഞുപോയി. മനഃപൂർവം പിൻവാങ്ങിക്കൊണ്ടിരുന്ന ശത്രുനിര ഒരു പ്രത്യേക താവളത്തിൽവച്ചു എതിരിട്ടു. ആ ആക്രമണത്തിൽ മാധവൻെറ സഹചരന്മാരിൽ മുപ്പതുപേർ തടവുകാരായി. പത്തുപേർ കൊല്ലപ്പെട്ടു. ബതിമുട്ടിയപ്പോൾ ശേഷംപേർ ഓടി. ഓടിപ്പോയ വഴിയിൽ ഒളിക്കുവാൻ ഒരു പാലത്തിൻെറ കീഴിലേക്കു് മാധവൻ ഇറങ്ങിച്ചെന്നു. ആ സ്ഥലത്തുതന്നെ രണ്ടു ശത്രുക്കൾ ഒളിച്ചിരിക്കുന്നു!! രണ്ടുപേരെയും മാധവൻ ബയണററിനു ഊണാക്കി. വെടിയുടെ ശബ്ദം ഉണ്ടാക്കുന്നതു് അപ്പോൾ അപകടകരമായിരുന്നു. അവരുടെ കൈവശമുണ്ടായിരുന്ന ആഹാരമെടുത്തു് അയാൾ വിശപ്പടക്കി. ഒരു മീൻകഷണവും രണ്ടുമൂന്നു ബിസ്ക്കററും. ഉദ്ദേശം നാലു മണിക്കൂറോളം അയാൾ അവിടെ നിശബ്ദനായി ഒളിച്ചിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഒരു ലോറിയുടെ ശബ്ദം കേട്ടു. അതു ശത്രുപക്ഷമോ സ്വപക്ഷമോ എന്നറിവാൻ പതുക്കെ എഴുന്നേററു അയാൾ ഒരു വൃക്ഷത്തിനു മറഞ്ഞുനിന്നു. മുറിവേററവരും മരിച്ചവരുമായ ആളുകളെക്കയററിക്കൊണ്ടുവന്ന ശത്രുപക്ഷത്തിലെ ലോറി ആയിരുന്നു അതു്. ധീരനായ ആ പടയാളി ഒട്ടും സംശയിച്ചില്ല. കൈയിലിരുന്ന തോക്കെടുത്തു വണ്ടിയുടെ വേഗം ലാക്കാക്കി ഡ്രൈവറുടെ തലയ്ക്കു തന്നെ ഒരു വെടി. ആ ഉന്നത്തിനു തെററു പററിയില്ല. ലോറി വഴിയിൽ മറിഞ്ഞു. പുറകേ ഇനി ഏതെല്ലാം വാഹനങ്ങളാണു വരാൻ പോകുന്നതെന്നു് അയാൾക്കു നിശ്ചയമില്ല. വീണ്ടും അയാൾ അവിടെ ഒളിച്ചു. ലോറിയുടെ കീഴിൽ മരണാസന്നരായി കിടന്നവരുടെ ദയനീയരോദനം അയാളെ സ്പർശിച്ചില്ല, വേദനിപ്പിച്ചില്ല. വീണ്ടും ഒരു ശബ്ദം കേട്ടു. മാധവൻ പിന്നെയും ആ വൃക്ഷച്ചുവട്ടിലെത്തി. ശത്രുപക്ഷത്തിലെ പ്രസിദ്ധനായ ഒരു എൻജിനിയർ അയാളുടെ കാർ ഓടിച്ചുകൊണ്ടു വരികയായിരുന്നു. മാധവൻെറ സാമാന്യബുദ്ധി വളരെ ശരിയായ അനുമാനം നടത്തി. എൻജിനീയർ മറിഞ്ഞു കിടക്കുന്ന ലോറിയുടെ സമീപം കാർ നിറുത്തുകതന്നെ ചെയ്തു. ഭാഗ്യഹീനനായ ആ മനുഷ്യൻ സംശയദൃഷ്ടിയോടുകൂടിയാണെങ്കിലും വെളിയിലേക്കിറങ്ങി. മാധവൻെറ തോക്കു ഒന്നുകൂടി ഗർജ്ജിച്ചു. എൻജിനീയർ തകർന്നു. കിട്ടിയ അവസരം അയാൾ പാഴാക്കിയില്ല. മാനം ഒന്നു പരീക്ഷിക്കാമെന്നുതന്നെ നിശ്ചയിച്ചു. കാർ തിരിച്ചു് അയാൾ സങ്കേതം ലക്ഷ്യമാക്കി മുമ്പോട്ടു പായിച്ചു.

സകല മേലധികാരികളും അയാളെ [illegible] ഇൻറലിജൻെറ[illegible] സമ്മതിച്ചു.

ഒരിക്കൽ ഇൻഡ്യാക്കാരായ കുറെ നല്ല ഭടന്മാരെ നിരത്തിനിറുത്തിയശേഷം പട്ടാളവകുപ്പിലെ പരമോന്നതനായ ഒരു ധീര [illegible] ചോദിക്കയുണ്ടായി, നിങ്ങൾ എന്തിനുവേണ്ടി യുദ്ധം ചെയ്യുന്നു എന്നു്.

"ജീവിക്കാൻ" "പണത്തിനു്" "സ്ഥലങ്ങൾ കാണാൻ" "ഒരു തമാശിനു്" "വയററിൻെറ വിളിനിമിത്തം" ഇങ്ങനെയായിരുന്നു ആ ഉത്തരങ്ങൾ ഏറെയും. മാധവൻ മാത്രം പറഞ്ഞു, ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ നിലനിൽപ്പിനു വേണ്ടിയാണെന്നു്. ധീരൻ പ്രതീക്ഷിച്ച ഉത്തരം മാധവനു മാത്രമേ തോന്നിയുള്ളു. വിശ്വസ്തനായ ഒരു പടയാളി മാധവൻ മാത്രമാണെന്നു അദ്ദേഹം രേഖപ്പെടുത്തി. വിശിഷ്ടങ്ങളായ ആഹാരസാധനങ്ങൾ വെള്ളക്കാർ ഭടന്മാർക്കു പ്രത്യേകം കൊടുക്കുന്നതിൽ മാധവൻ ഒരിക്കൽ പരാതി പറഞ്ഞു.

ഒരിക്കൽ ബോംബെയിൽ ഉണ്ടായ തൊഴിലാളിപ്രക്ഷോഭണത്തിൽ ബ്രിട്ടീഷ് അധികാരികൾക്കു് വിശ്വസ്തന്മാരായ കുറെ ഇൻഡ്യൻ സോൾജ്യേഴ്സിനെ ആവശ്യമായിത്തീർന്നു. അധികം പേരെ അവർക്കു വിശ്വാസമില്ല. എന്നാൽ മാധവൻെറ കാര്യത്തിൽ അശങ്കാനവുമാണു്. ആദ്യത്തെ പ്രാവശ്യം തൊഴിലാളികളുടെ നേർക്കു ററീയർഗാസ് ഉപയോഗിക്കുവാൻ മാധവൻ നിയോഗിക്കപ്പെട്ടു. കണ്ണിൽ നിന്നു കുടുകുടാ കണ്ണുനീരൊഴുകുന്ന ആ വേല വിജയകരമായിത്തന്നെ മാധവൻ സാധിച്ചു. ഉദ്ദേശം രണ്ടായിരത്തിൽപ്പരം തൊഴി

(ശേഷം 9-ാം പേജിൽ)

ചങ്ങമ്പുഴ കൃഷ്ണപിള്ള

# ആ നാളുകളിൽ

## ഇടപ്പള്ളി രാഘവൻപിള്ളയെപ്പററിയുള്ള സ്മരണകൾ

### 11

സംവൽസരം നാലോ അഞ്ചോ കഴിഞ്ഞുകാണണം. ഞാൻ ഇടപ്പള്ളി കൃഷ്ണവിലാസം ഇംഗ്ലീഷ് മിഡിൽസ്കൂളിൽ പ്രിപ്പാറേറ്ററി ക്ലാസിലും രാഘവൻപിള്ള അതിനു മുകളിലുള്ള ക്ലാസ്സിലും പഠിക്കുകയാണ്, അക്കാലത്തായിരുന്നു എനിക്കു നേരിട്ട ആദ്യത്തെ അത്യാഹിതം—അച്ഛന്റെ ആകസ്മികമായ മരണം. സാമാന്യം നല്ല ധനസ്ഥിതിയുണ്ടായിരുന്ന പിതാവിന്റെ വാൽസല്യമധുരമായ സംരക്ഷണത്തിൽ ഒരു രാജകുമാരനെപ്പോലെ സുഖസമൃദ്ധികളിൽ മുഴുകി ജീവിച്ചിരുന്ന ഞാൻ ഒരൊററ രാത്രികൊണ്ട് ദരിദ്രപട്ടിണിക്കാരനായി മാറി. ചരിത്രപ്രധാനവും പുരാതനവും സമ്പൽസമൃദ്ധവുമായിരുന്ന ചങ്ങമ്പുഴത്തറവാട് പിന്നെപ്പിന്നെ വന്ന കാരണവന്മാരുടെ പിടിപ്പില്ലായ്മയാൽ ക്രമേണ ക്ഷയിച്ചു, ക്ഷയിച്ചു, ഒടുവിൽ സർവസ്വവും നശിച്ചുപോയിട്ടുള്ള ഒരാപൽസന്ധിയിലായിരുന്നു. ധൂമകേതുവിനെപ്പോലെയുള്ള എന്റെ ഉദയം. "നിന്റെ തലക്കണ്ണതിനു ശേഷമാ സർവ്വോം കുട്ടിച്ചോറായേ!"—എന്നു ദേഷ്യം വരുമ്പോൾ പലപ്പോഴും മുത്തശ്ശി എന്നോടു കയർത്തിട്ടുണ്ട്. അക്കാലത്തു എന്റെ മുത്തശ്ശി ഇടപ്പള്ളിക്കൊട്ടാരത്തിലെ ഒരു വേലക്കാരിയായിരുന്നു. രാജവംശപരദേവതയായ ഗണപതിയുടെ ക്ഷേത്രത്തിൽ അടിച്ചുതളി, പാത്രംതേപ്പ്, നിത്യനിവേദ്യത്തിനു വേണ്ട അരിയിടിച്ചു, കൊടുക്കൽ ഇവയായിരുന്നു മുത്തശ്ശിയുടെ പ്രധാന ജോലി. ഇവയിൽ പാത്രം തേയ്ക്കുന്ന ജോലിയിൽ മുത്തശ്ശിയെ സഹായിക്കുകയായിരുന്നു എന്റെ അന്നത്തെ ഡ്യൂട്ടി. ഇന്നെന്നെ അത്യന്തം പശ്ചാത്തപിപ്പിക്കുമാറ്, വിധിയേയും വാത്സല്യനിധിയായ മുത്തശ്ശിയേയും പഴിച്ചുകൊണ്ട് മനസ്സില്ലാമനസ്സോടെയാണ് അക്കാലങ്ങളിൽ ഞാൻ ആ ജോലി നിർവഹിച്ചിട്ടുള്ളത്. ഒരു ഇംഗ്ലീഷ് സ്കൂൾ വിദ്യാർത്ഥിയായ എനിക്കു മാനക്കേടുണ്ടാക്കുന്ന ആ കൂലിപ്പണി—അതിനെ ഞാൻ കഠിനമായി വെറുത്തു. പക്ഷെ നിത്യവും കിട്ടുന്ന ആ നാലുപടി ഉണക്കച്ചോറ്!—പരിഷ്കാരം എന്നിൽ പതിവിടർത്തിച്ചീററിലെങ്കിലും പട്ടിണിയുടെ പാദപാതത്തിൽ അതുചൂളിച്ചതഞ്ഞ് അതിന്റെ അഞ്ജാതമായമാളത്തിലേക്കുതന്നെ പുകയോടെ ചുരുണ്ടുകൂടി. ജീവിതക്ലേശങ്ങൾ ഒട്ടധികം അനുഭവിക്കേണ്ടിവന്നു എങ്കിലും അച്ഛന്റെ മരണം യഥാർത്ഥത്തിൽ എന്നെ ആനന്ദിപ്പിക്കുകയാണു ചെയ്തത്. അച്ഛൻ മരിച്ചു, എന്ന വിവരത്തിനു എഴുന്നു വന്നപ്പോൾ വീട്ടിലുള്ളവർ എല്ലാം വാവിട്ടു നിലവിളിച്ചു. ഞാനാകട്ടെ ചിരിക്കുകയാണ് ചെയ്തത്. എന്റെ ഹൃദയം യഥാർത്ഥത്തിൽ അന്ന് ആനന്ദനൃത്തം ചെയ്തു, അതുവരെ ഒരു തടവുകാരനായിരുന്ന എനിക്കു ചിരകാലപ്രാർത്ഥിതമായ സ്വാതന്ത്ര്യം ഇന്നിതാ അവിചാരിതമായ ഒരു മുഹൂർത്തത്തിൽ കരഗതമായിരിക്കുന്നു. ഞാൻ പിന്നെ എങ്ങനെ സന്തോഷിക്കാതിരിക്കും.

എനിക്കു ലഭിച്ച പരിപൂർണ്ണസ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ പ്രകടനമാണു ഞാൻ ശ്രദ്ധമായി തേടിച്ചിരുന്ന ആ ചന്ദനപ്പൊട്ടുകാരനെ--രാഘവൻപിള്ളയെ—എന്നോട്ടു ഘടിപ്പിച്ചതു്. ഞങ്ങളുടെ സ്കൂൾവളപ്പിന്റെ തൊട്ടു തെക്കേപ്പറമ്പിൽ പടർന്നു പന്തലിച്ചു, നിൽക്കുന്ന ഒരുക്കൻ പറങ്കിമാവും അതിനരികെ കൃശാംഗിയായ നവവധുവിനെപ്പോലെ നാണംകുണുങ്ങി നിൽക്കുന്ന ഒരു "അരണ"മരവും ഉണ്ടായിരുന്നു. ആ മരത്തിനു വണ്ണവും വളരെ കുറവാണ്. നാലഞ്ചാൾ ഉയരമുണ്ട്. രാവിലെ സ്കൂളിൽ മണിയടിക്കുന്നതിനു മുമ്പും ഉച്ചയ്ക്കുള്ള വിശ്രമാവസരത്തിലും വിദ്യാർത്ഥികൾ അവിടെ തടിച്ചുകൂടും. ചിലർ പറങ്കിമാവിന്റെ നിലംപററിക്കിടക്കുന്ന ശിഖരങ്ങളിലും മററു ചിലർ താഴെയുള്ള വെള്ളമണലിലും ഇരിപ്പുറപ്പിക്കും. വീരന്മാരായ എട്ടും പത്തും ബാലന്മാർ ഒത്തുചേർന്നു അരണമരത്തെ തുടർച്ചയായി ആക്രമിച്ചുകൊണ്ടിരിക്കും. തറുടുത്തു തയ്യാറെടുത്തു സംഘത്തലവൻ—അയാളുടെ പേർ കൊച്ചുണ്ണി എന്നാണ്.--ആദ്യം അരണമരത്തിന്മേൽ തൂങ്ങിപ്പിടിച്ചു, കയറിത്തുടങ്ങും. അയാളുടെ പുറകെ സക്കാരുമൊട്ട, പിന്നെ അമ്പലംവിഴുങ്ങി, അടാർക്ക പിന്നിൽ കാളഇസ്മാൽ, പുറകെ ചലംതൂറി വക്കി അങ്ങനെ ആ കൊച്ചു ഗറില്ലാസംഘത്തിലെ അനവധി പരാക്രമികൾ ഒന്നിനു പുറകെ ഒന്നായി മരത്തിന്മേൽ പിടിച്ചുകയറുന്നു. മുകളിലേക്കു പോകുന്തോറും നേർത്തു നേർത്തു നാരാചംപോലെ കൂർത്തുനിൽക്കുന്ന ആ പാവപ്പെട്ട വൃക്ഷം ഈ പൊരുത്തപ്പെടാത്ത മല്ലന്മാരുടെ ഭാരം താങ്ങുവാനാകാതെ "ഞാൻ തോറേറു" എന്ന മട്ടിൽ കുനിഞ്ഞു കുനിഞ്ഞു ഒടുവിൽ ശിരസ്സ് നിലത്തു മുട്ടിക്കുന്നു, പരാക്രമികൾ അങ്ങനെ നിർബാധം ഒന്നിച്ച് ഇറങ്ങിപ്പോരുന്നു; ഒററയൊരടിയിൽ ആ വൃക്ഷം "-വിട്ടാൽ പൂർവസ്ഥിതിയെ പ്രാപിക്കുന്നതും" ആയ ഒരു സാധനമാണെന്നു വെളിപ്പെടുത്തുന്നു. ചുററുംകൂടിയ വിദ്യാർത്ഥികൾ അത്യുൽസാഹത്തോടെ ആർത്തുവിളിച്ച് ആ പരാക്രമികളുടെ പേരിൽ അഭിനന്ദനം രേഖപ്പെടുത്തുന്നു. കൊച്ചുണ്ണി സക്കാരുമൊട്ട തുടങ്ങിയ തലവന്മാർ അങ്ങകലെ സ്കൂളിൽ ജന്നൽവാതുക്കൽ തിങ്ങിക്കൂടിനിൽക്കുന്ന 'ഗേൾസി'ന്റെ, നേരെ അഭിമാനഭരിതമായ ഒരു പുഞ്ചിരിയോടെ കണ്ണെറിയുന്നു. പിന്നെ മലയാളം സ്കൂളുകാരുടെ മുറയായി. 'ഉണ്ടവല്ല' 'കോരട്ടി' 'ചെട്ടിച്ചിക്കാരി' 'പല്ലൻ ചങ്കരൻ' 'കുട്ടവാരെത്താമ്മൻ' 'ഓന്തുളക്കി ഗോപാലൻ' തുടങ്ങിയ ചിറവുചട്ടമ്പിമാരാണു ആ സംഘത്തിലെ നേതാക്കൾ. ഇങ്ങനെ ഓരോ സംഘവും മാറി മാറി പ്രദർശിപ്പിക്കുന്ന പരാക്രമം കൊതിയോടുകൂടി നോക്കി രസിച്ചുകൊണ്ട് ഞാൻ ആ പറങ്കിമാങ്കൊമ്പിൽ ഇരിക്കും. എനിക്കു ആ സംഘത്തിൽ ഉൾപ്പെട്ട് ഒന്നാ വൃക്ഷത്തിന്മേൽ കയറിയാൽ കൊള്ളാമെന്നു അതിയായ ആഗ്രഹം ഉണ്ടായിരുന്നു. പക്ഷേ എന്തുചെയ്യാം? തലവന്മാർ "പിള്ളേരെയൊന്നും കൂട്ടുകയില്ല." അമ്പ! എന്തൊരു ധിക്കാരം! വിപ്ലവബുദ്ധി പലപ്പോഴും എന്നിൽ ഒരുള്ളുകമ്പംതന്നെ നടത്തിയിട്ടുണ്ട്. എങ്കിലും ഞാൻ അടങ്ങി. ആ വൃക്ഷത്തിന്മേൽ കയറുന്നതിനു ഒരുനോക്കൂടി അനുവദിക്കുവാൻ, ഒരിക്കൽ ഞാൻ വീട്ടിൽനിന്നു സാമാനങ്ങൾ വാങ്ങുവാൻതന്ന പണത്തിൽനിന്നു കാലണ കട്ടെടുത്തു. മുട്ടായിവാങ്ങി രഹസ്യമായി കൊച്ചുണ്ണിക്കു കൈക്കൂലി കൊടുത്തിട്ടുണ്ട്. ആണയിട്ടു ശപഥം ചെയ്തതിനുശേഷമേ ഞാൻ മുട്ടായി, ഇഷ്ടന്റെ കയ്യിൽ കൊടുത്തുള്ളു. പക്ഷെ സമയം വന്നപ്പോൾ ആ നയശാലി കാലുമാറിക്കളഞ്ഞു. എനിക്കു സഹിച്ചില്ല. അടങ്ങാത്ത കോപത്തോടെ ഞാൻ അവരുടെ അനുമതിക്കു കാക്കാതെ, കൊച്ചുണ്ണിക്കു പുറകെ അരണമരത്തിൽ പിടികൂടി. അപ്പോഴേക്കും ആ സ്ഥാനത്തേക്കു യഥാർത്ഥാവകാശിയായ സക്കാരുമൊട്ട എന്നെ പിടിച്ചു വലിച്ച് താഴെയിട്ടു. തലയ്ക്കിട്ട് ഒരു നല്ല കിഴുക്കും തന്നു. നിമിഷത്തിനുള്ളിൽ കൊടുത്തു

എൻ. രാഘവക്കുറുപ്പ്

# നായർ എന്തുചെയ്യണം?

## സൊസൈറ്റിയുടെ പ്രമേയം

"നായന്മാർ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്നു് ദേശീയ പുരോഗതിയ്ക്കു് പര്യാപ്തമായ രാഷ്ട്രീയ പരിപാടികൾ അംഗീകരിക്കണമെന്നു സർവീസ് സൊസൈററി പൊതുയോഗം നായർ സമുദായത്തോടു ഉൽബോധിപ്പിക്കുന്നു."

നായന്മാർ സ്റ്റേററുകോൺഗ്രസ്സിൽ ചേരണമെന്നു തീരുമാനിച്ചുകൊണ്ടുള്ള പ്രമേയത്തിന്റെ മർമ്മവാക്യമാണിതു്. തീരുമാനം നിശ്ചയമായിട്ടും സ്വാഗതാർഹമാണ്. പക്ഷേ നിർണ്ണായകമായ ഒരു പ്രമേയത്തിന്റെ ഗൗരവമോ പൂർണ്ണതയോ പ്രമേയത്തിൽ കാണുന്നില്ല. ഭാരതത്തിലെ രാഷ്ട്രീയമാററങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, ഒരു രാഷ്ട്രീയ സംഘടനയോടു ചേർന്നുനിൽക്കാതെ നായർസമുദായത്തിനു് ഭാവിയില്ല എന്നുവാദിക്കുന്ന പ്രമേയത്തിൽ തന്നെ, അംഗീകരിക്കാൻ പോകുന്ന സംഘടനയെ പററി അപൂർണ്ണതയും സാമുദായികമനോഭാവത്തിനും അതീതമല്ലെങ്കിലും രാഷ്ട്രീയപ്രവർത്തനമണ്ഡലത്തിൽ അംഗീകാരം സിദ്ധിച്ചുകഴിഞ്ഞിട്ടുള്ള സംഘടന എന്നു പറയേണ്ടിയില്ലായിരുന്നു. എക്സിക്യൂട്ടീവ് കൌൺസിൽ അംഗങ്ങളെ പ്രവർത്തനത്തിൽ നിന്നു നിരോധിക്കുകയും വേണ്ടിയില്ലായിരുന്നു. സ്റ്റേററുകോൺഗ്രസിന്റെ ഉത്ഭവം മുതൽ ഇന്നുവരെ അതിനെ നിരന്തരം എതിർത്തുകൊണ്ടിരുന്ന ഒരു സംഘടനയിന്നു് പെട്ടെന്നവ ഇങ്ങിനെയൊരു തീരുമാനമെടുത്തുവെന്ന പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ പ്രമേയത്തിലെ ഈ ഭാഗങ്ങൾ പ്രത്യേകം അസുഖകരമായി തോന്നുന്നു. ഈ പ്രമേയത്തെപ്പററി പൊതുജനങ്ങളുടെയിടയിലുള്ള പ്രത്യാഘാതങ്ങൾ ഇതുവരെ വ്യക്തമായിക്കഴിഞ്ഞിട്ടില്ലെങ്കിലും ഈ സംഘം സ്റ്റേററുകോൺഗ്രസ്സിനെ മുന്നോട്ടു നയിക്കാനാണോ പിന്നോക്കം വലിക്കാനാണോ എന്നു പലരും സംശയിക്കുന്നതായി കാണുന്നുണ്ടു്. പോരെങ്കിൽ സമുദായത്തിന്റെ സാമ്പത്തിക താല്പര്യങ്ങളെപ്പററി പ്രമേയത്തിൽ ഒന്നും പറഞ്ഞുകാണുന്നില്ല. പൊതുവെ പറഞ്ഞാൽ എന്താണ് ചെയ്യേണ്ടതു് എന്നതിനെപ്പററി ശരിയായ ഒരു അഭിപ്രായം പ്രമേയകർത്താക്കൾക്കുള്ളതായി തോന്നുന്നില്ല. ഈ പരിതഃസ്ഥിതി പ്രമേയത്തിന്റെ പ്രായോഗികതയെ ബാധിക്കുമെന്നുള്ളതുകൊണ്ടു സമുദായത്തിന്റെ നില എന്താണെന്നു ശാസ്ത്രീയമായി മനസ്സിലാക്കേണ്ടതു് ആവശ്യമായിത്തീരുന്നു.

## എന്തെങ്കിലും ചെയ്യണമെന്നുണ്ടോ?

ഭാരതത്തിലെ രാഷ്ട്രീയ മാററങ്ങളല്ല നായർ സമുദായത്തെ രാഷ്ട്രീയപ്രവർത്തനത്തിനു് പ്രേരിപ്പിക്കുന്നതു്, സമുദായാംഗങ്ങളുടെ ദാരിദ്ര്യമാണ്. നായർ പണ്ടു് നായകന്മാരായിരുന്നുവെന്നു് പറഞ്ഞു് ഞെളിഞ്ഞതുകൊണ്ടു് ഇന്നു പ്രയോജനമില്ല. ജന്മിത്വം തകർന്നു. മുതലാളിത്വം സ്ഥാപിതമായി. അതിന്റെ അവശ്യഘടകമായ ഉദ്യോഗഭരണവും നടപ്പിൽവന്നു. ഏതെങ്കിലും ഒരു വർഷത്തിൽ നായർ സമുദായാംഗങ്ങൾ സമ്പാദിക്കുന്ന വസ്തുവകകളുടെ തുകയും, വിററുകളയേണ്ടിവരുന്നതിന്റെ തുകയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ നായർ സമുദായത്തിന്റെ നില വ്യക്തമാകുന്നതാണ്. സ്വതന്ത്രമായ തൊഴിലുകളിലും, വാണിജ്യത്തിലും വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണവും തുച്ഛമാണ്. ഇതിന്റെ ഫലമായിട്ടാണ് നായന്മാർക്കു് സർക്കാരുദ്യോഗത്തിന്റെ പിറകെ ഓടേണ്ടിവന്നതു്. ഗവർമ്മെൻറിനെ ആശ്രയിച്ചുനിൽക്കേണ്ടിവന്നതുകൊണ്ടാണു് നായർ രാഷ്ട്രീയമായി പിന്തിരിപ്പൻ നയം സ്വീകരിക്കാനിടയായതു്. രാഷ്ട്രീയ നയങ്ങളുടെയെല്ലാം അടിയിൽ സാമ്പത്തികതാല്പര്യങ്ങളാണു് കിടക്കുന്നതു്. പുതിയ സാമ്പത്തിക വ്യവസ്ഥയനുസരിച്ചു് ജീവിക്കുവാൻ കഴിയാതിരുന്ന നായർ തകർന്ന ഒരു രീതിയുടെ—ജന്മിത്വത്തിന്റെ—സ്തുതിപാഠകന്മാരായിത്തീരുകയാണുണ്ടായതു്. ഇതിന്റെ പ്രതിഫലനം സാമൂഹ്യസാംസ്കാരികരംഗങ്ങളിലുമുണ്ടു്. ഉപനിഷത്തിന്റെയും ആർഷസംസ്കാരത്തിന്റെയും പ്രചാ

---

ഞാനവന്റെ പള്ളയ്ക്കൊരിടി. വഴക്കു മൂത്തു. ബഹളമായി. പക്ഷേ ഉണ്ടവേലുവിന്റെ മദ്ധ്യസ്ഥതയിൽ കൂടുതൽ ലഹളകൂടാതെ എല്ലാം ഒതുങ്ങിത്തീർന്നു. എന്നോ മരത്തിന്മേൽ കയറിക്കൊള്ളാമെന്നു ഉണ്ടവേലു മരമേററു. അങ്ങനെ സാറിനോടു പറയാതെ സമാധാനക്കോലിന്മേൽ തന്നെ ഇരുകൂട്ടരും പൊരുത്തപ്പെട്ടു. അപ്പോഴേയ്ക്കും സെക്കൻറ് ബെൽ മുഴങ്ങി. എല്ലാവരും ഓടിപ്പോയി........

എന്നാൽ രണ്ടു മൂന്നു ദിവസത്തിനുള്ളിൽ കാര്യം കൂടുതൽ കുഴപ്പത്തിലായി. ഏതോ കൂട്ടത്തിൽ കുത്തി വീട്ടിൽ ചെന്നു പറഞ്ഞുകൊടുത്തു. ഞാൻ സ്ക്കൂൾപെട്ടിയുമായി വഴക്കുകൂടി, ഒരു പാടിടികൊണ്ടു എന്നെല്ലാം—ഉള്ളതും ഇല്ലാത്തതും! അച്ഛൻ വന്നപ്പോൾ അമ്മ കേസ് ഫയൽചെയ്തു. രൂക്ഷമായ കണ്ണുകളോടെ അച്ഛൻ എന്നെ ക്രോസ്സ് ചെയ്യാൻ തുടങ്ങി. കിടുകിടെ വിറയ്ക്കുന്ന എന്റെ പൊടിപുരണ്ട കൗപീനത്തിന്റെ മടക്കിനു പെട്ടെന്നൊരു നനവുതട്ടി. നടന്നതെല്ലാം ഞാൻ അച്ഛനോടു തുറന്നു സമ്മതിച്ചു. എന്നിട്ടും അച്ഛൻ എനിക്കു പുളിവടികൊണ്ടു് ചുട്ട രണ്ടടിതന്നു. അതു സഹിക്കാമായിരുന്നു. നാളെ മുതൽ ഫെസ്റ്റ് ബെൽ അടിക്കുന്നതു കേട്ടിട്ടേ സ്ക്കൂളിലേയ്ക്കു പോകാവൂ എന്ന കർശനമായ ആജ്ഞ കേട്ടപ്പോഴാണു് എന്റെ ഹൃദയം പൊട്ടിപ്പോയതു്........ അതേ, അച്ഛന്റെ മരണവാർത്ത അറിയുന്നതുവരെ ഞാൻ ഫസ്റ്റ് ബെൽ കേട്ടിട്ടേ സ്ക്കൂളിലേക്കു പുറപ്പെട്ടിട്ടുള്ളു. അത്യാശയോടെ ആ അരണമരത്തിന്റെ നേർക്കു നോക്കി എത്ര പ്രാവശ്യം ഞാൻ നെടുവീർപ്പിട്ടിരിക്കുന്നു.........

ബ്ളഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനംചെയ്യുന്നു. രക്തശുദ്ധിക്കും പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം

എല്ലാ മരുന്നുഷാപ്പുകളിലും വിൽക്കപ്പെടുന്നു.

ന്നം മുതൽ പ്രസാദയാത്രകൾ എളുപ്പം സ്പെഷ്യൽ പോലീസ് ഉദ്യോഗം വരെയുള്ളതെല്ലാം ഇതു തന്നെയാണ് കാണിക്കുന്നതു്. ഈ പാരമ്പര്യമെല്ലാം സ്റ്റേറ്റുകോൺഗ്രസ്സിലേക്ക വലിച്ചിഴക്കുകയാണെങ്കിൽ അതു് രാജ്യത്തെ മുഴുവനും നശിപ്പിക്കുകയായിരിക്കും. സമുദായത്തിൻ്റെ നില രാഷ്ട്രീയമായും, സാമ്പത്തികമായും സാംസ്കാരികമായും ഉയരണമെങ്കിൽ ചിലതൊക്കെ അറിയേണ്ടതായിട്ടും ചെയ്യേണ്ടതായിട്ടുമുണ്ടു്.

**രാഷ്ട്രീയം.**

ഒരു സമുദായത്തിൻ്റെ രാഷ്ട്രീയപ്രവർത്തനം സാമ്പത്തികമാത്സര്യത്തിൻ്റെ പ്രതിഫലനമാണെന്നു് മനസ്സിലാക്കുക. സ്റ്റേറ്റുകോൺഗ്രസിൽ ചേരുന്നതുകൊണ്ടുമാത്രമായില്ല ജീവനോടുകൂടി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കണം. സ്റ്റേറ്റുകോൺഗ്രസ് വർഗ്ഗീയമാണെന്നുംമറ്റുമുള്ള ആരോപണങ്ങൾ ഒരു വർഗ്ഗീയസംഘടനചെയ്യുന്നതിൻ്റെ അസാംഗത്യം മനസ്സിലാക്കണം. ഒരുവനവൻ്റെ സമുദായത്തിൻ്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പരിശ്രമിക്കുന്നതു് ഒരു പാതകമല്ല. പക്ഷെ അതു് മറ്റേതെങ്കിലും ഒരു സമുദായത്തോടുള്ള സമരമായി രൂപാന്തരപ്പെടരുതു്.

**സാമ്പത്തികം**

പുതിയ സാമ്പത്തിക വ്യവസ്ഥയനുസരിച്ചു് ജീവിതരീതി മാറ്റാതെ നിവൃത്തിയില്ല. ഗവർമ്മെണ്ട വിചാരിച്ചാൽ എല്ലാ നായന്മാർക്കും ജോലിയുണ്ടാക്കി കൊടുക്കാൻ കഴിയുകയില്ല. കൃഷിയിലും കച്ചവടത്തിലുംമറ്റും ഏർപ്പെടുകമാത്രമാണു് കരണീയമായിട്ടുള്ളതു്. പക്ഷെ ഇതെല്ലാംകൊണ്ടു് ഒരു ചെറിയ ശതമാനത്തിനു് മാത്രമേ ഉപജീവനമാർഗ്ഗമുണ്ടാവുകയുള്ളു. ഭൂരിപക്ഷവും തൊഴിലാളികളായിത്തീരുകതന്നെ വേണം. തൊഴിലാളികളായിത്തീർന്നാൽമാത്രം പോരാ. ട്രേഡ്യൂണിയനിൽ ചേർന്നു് പ്രവർത്തിക്കുകയും വേണം. ഭാവി തൊഴിലാളിയുടേതാണു്. നായർ സമുദായത്തിൻ്റെ ഭാവിയും അങ്ങിനെ തന്നെ. സൊസൈറ്റിയുടെ രാഷ്ട്രീയപ്രമേയത്തോടുകൂടിയൊരു സാമ്പത്തികപരിപാടിയുംകൂടി ഉണ്ടായിരിക്കേണ്ടതാണു്. അങ്ങിനെയൊന്നില്ലാത്തപക്ഷം രാഷ്ട്രീയമായ എല്ലാ പരിഷ്കാരങ്ങളും സാമാന്യജനതയെ സംബന്ധിച്ചിടത്തോളം നിരർത്ഥകമായിരിക്കും.

ഇന്നുവരെ സൊസൈറ്റി ചില സർക്കാരുദ്യോഗസ്ഥന്മാരുടെ രക്ഷയെ കരുതി പിന്തിരിപ്പൻ നയങ്ങൾ സ്വീകരിച്ചുകൊണ്ടിരുന്നുവെന്നു പ്രമേയം തന്നെ പറയുന്നു. ഇനിയെങ്കിലും അതു തുടരുവാൻ ഇടകൊടുത്തുകൂടാ. കുറച്ചു വ്യക്തികളുടെ താൽപര്യത്തിനല്ല സൊസൈറ്റി സ്ഥാപിച്ചതു്. സമുദായത്തിലെ ഭൂരിപക്ഷത്തിൻ്റെ ഗുണത്തിനായിട്ടാണു് അതു പ്രവർത്തിക്കേണ്ടതു്. ഇതിനെല്ലാം പ്രമേയം ഒരു നല്ല ആരംഭമായിട്ടുണ്ടു്. ഇനി മുന്നോട്ടുപോകുന്നതു് സമുദായത്തിലെ യുവാക്കന്മാരുടെ ചുമതലയാണു്. അടൂർസമ്മേളനത്തിൻ്റെ ഭാരവാഹികൾ അതിനു നേതൃത്വം കൊടുക്കുമെന്നു് ആശിക്കുന്നു.

എം ഈ മത്തായി

# കർഷകൻ്റെ ആവശ്യങ്ങൾ

ഇന്നത്തെ രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവും ആയ അന്തരീക്ഷം കാർഷികാവശ്യങ്ങളും അവയുടെ അതിപ്രാധാന്യവും, എന്ന ഒരേ ഒരു പ്രശ്നത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നു തോന്നിപ്പോകും. ഏതുരാജ്യത്തെയോ പ്രവിശ്യയിലെയോ ബഡ്ജറ്റെടുത്തു നോക്കിയാലും കാണാം; കർഷകസഹായധനം ഇത്ര രൂപാ, നെല്ലെടുപ്പിനു് ഇത്ര രൂപാ, ഭക്ഷ്യോൽപാദനം ഇത്ര രൂപാ, എന്നും മറ്റും. എന്നാൽ നമുക്കറിയേണ്ടതു് ഈ അടങ്കൽ മാറ്റിവയ്പുകൾകൊണ്ടു പ്രായോഗികമായി എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകുന്നു. അല്ലെങ്കിൽ ഉണ്ടാകുന്നില്ല എന്നതല്ലെ?

ചില തികഞ്ഞ സമ്പത്ശാസ്ത്രജ്ഞന്മാർ (അജ്ഞന്മാരല്ലേ!) ഈ ലേഖനത്തിൻ്റെ തലക്കെട്ടുകണ്ടു നെറ്റി ചുളിച്ചേക്കാം. കാർഷികാവശ്യങ്ങൾ—ഹോ!- വന്നിരിക്കുന്നു വലിയ പ്രശ്നവുമായിട്ടു്-താനെന്തേ? ഇൻ്റർനാഷനൽമോണിറ്ററിഡ് ഫണ്ടിനെപ്പറ്റി ഒന്നും എഴുതാത്തതു്? അവരോടു് ഒരു വാക്ക പറയാനുണ്ടു്.

ഏതു് ടെക്സ്റ്റ്ബുക്കു മറിച്ചു നോക്കിയാലും കാണാം. ഇന്നത്തെ ഇന്ത്യാക്കാരൻ ഒരിനോ[illegible], ദിവ


# പ്രസന്നകേരളം ഓണംലക്കത്തിൽ

# കഥകൾമാത്രം

(1122 ചിങ്ങം 23—ാംനു—പ്രസിദ്ധപ്പെടുത്തും)

1. ഓണമുണ്ട്—കാരൂർ നീലകണ്ഠപ്പിള്ള
2. മന്ത്രിക്കെട്ട്—പൊൻകുന്നം വർക്കി
3. രത്നം വിളയുന്നഭൂമി—കെ സരസ്വതിയമ്മ
4. അവസാനം—എസ് കെ ആർ കമ്മത്തു്
5. തെങ്ങുകെട്ട്—വെട്ടൂർ രാമൻനായർ
6. ആകാശത്തിലെ നിയമം-എസ് കെ പൊറ്റക്കാട്ട്

**20 പേജ്** രണ്ടണ മാത്രം

**ഏജൻ്റന്മാർ—** ആവശ്യമുള്ള കോപ്പികളുടെ കമ്മീഷൻ കഴിച്ചുള്ള വില ചിങ്ങം 15-ാംനു- ശനിയാഴ്ച ആഫീസിൽ കിട്ടത്തക്കവിധം അയച്ചിരിക്കണം

**പരസ്യങ്ങൾ—** ഓണം ലക്കത്തിൽ 5 പേജ് മാത്രം പരസ്യങ്ങൾ ചേർക്കുന്നതാണു്. പരസ്യനിരക്ക്, മുഴുവൻ പേജ് 64 രൂപാ അര പേജ് 33 രൂപാ കാൽപേജ് 16 രൂ. അരയ്ക്കാൽ പേജ് 8 രൂപ (സൈസ് 13"×7") പരസ്യത്തിനുള്ള മാറ്റർ 15-ാംനു-ക്കുള്ളിൽ കിട്ടിയിരിക്കണം

മാനേജർ; പ്രസന്നകേരളം കോട്ടയം

സംരക്ഷരയണയെ ക്രൂശികിട്ടുന്നുള്ളു. അവൻ അക്ഷരവൈരിയാണ്, അന്ധനാണ്. ഉയർച്ചക്കാഗ്രഹമില്ലാത്തവനാണ്. എന്നുള്ള പല്ലവി. ഈ രാഗം കേട്ട് ഏതൊരു ഇടത്തരക്കാരന്റെയും ചെവി തഴമ്പിച്ചുപോയിട്ടുണ്ടാവും. അതു സ്വാഭാവികവുമാണ്. എന്നാൽ വാസ്തവം അങ്ങനെയിരിക്കെ അതിന്റെ മൂലകാരണങ്ങളെപ്പററിയോ, അതിനെ ഇല്ലായ്മചെയ്‌വാനുള്ള പരിപാടിയെപ്പററിയോ അവർ സ്വപ്നത്തിലെങ്കിലും ഒന്നു ചിന്തിച്ചിട്ടുണ്ടോ? കാരണം മറെറാന്നുമല്ല, അവർക്കു നാവിട്ടടിക്കാൻ മററു പല അനാവശ്യസംഗതികളുമുണ്ട്. കർഷകൻ അവന്റെ പാട്ടു നോക്കട്ടെ!

ഈ സംഗതിയെപ്പററി പറയുമ്പോൾ ഒന്നാമതെനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് ഇന്നത്തെ അവന്റെ ജീവിതത്തോതിന്റെയും കഴിവുകളുടെയും പരിധിക്കുള്ളിൽ, ഏതു സഹായം നൽകിയാലും ഫലമില്ല എന്നുള്ളതാണ്. മദ്രാസ് ഗവർമ്മെന്റു കിണറു കുഴിപ്പിക്കാനും ഭക്ഷ്യധാന്യങ്ങൾ വിളയിപ്പിക്കാനുമായി വലിയ തുകകൾ മാററിവയ്ക്കുന്നു. എന്നാൽ അവ ഉദ്ദേശിക്കപ്പെട്ട കാര്യങ്ങൾക്കായി വേണ്ടവിധം ചെലവിടുന്നുണ്ട് എന്ന് ആരു വ്യാമോഹിക്കുന്നുണ്ട്? ചാരായഷാപ്പിലല്ല അതിൽ ഭൂരിഭാഗവും എന്നു തീർത്തുപറയാൻ സാധിക്കുമോ? അതുകൊണ്ടു കർഷകന്റെ കഴിവുകളെയും അവന്റെ വരവിനെയും ഉയർത്താൻ ബദ്ധപ്പെടുന്ന ഉൽസാഹികൾ ധരിക്കേണ്ട മൗലികപരമാർത്ഥം ഇതാണ്: ഇന്നത്തെ സാമൂഹ്യഘടനയും അതിനാധാരമായിരിക്കുന്ന സ്വകാര്യസ്വത്തിന്റെ രൂപീകരണസമ്പ്രദായവും മാറാതെ കർഷകനെ മററു രാജ്യങ്ങളിലെപ്പോലെ (ഉദാ. അമേരിക്കയോ റഷ്യയോ) ഉൽപ്പാദനശേഷിയുള്ളവനാക്കുക സാദ്ധ്യമല്ല എന്നതാണ്.

ഇന്നത്തെ സാമ്പത്തികസംഘടനയായ മുതലാളിത്തത്തിൽ വിടവുകൾ വീണുതുടങ്ങിയിരിക്കുന്നു. പണിമുടക്കം എന്നു പറഞ്ഞാൽ ഇപ്പോൾ മുതലാളിമാർ ഒന്നു ചിന്തിക്കും. ഈ അസ്വാസ്ഥ്യത്തിന്റെ മൗലികകാരണം അസുരക്ഷിതത്വം ആണ്. മുതലാളിത്തത്തിന്റെ അഭേദ്യഘടകമാണ് ഈ അസുരക്ഷിതത്വം. കർഷകനെ ബാധിക്കുന്നതുപോലെ അതു മററാരെയും ബാധിക്കുന്നില്ല. പക്ഷേ അവനു സംഘടനയില്ല. ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. കർഷകരുടെ യൂണിയൻ പ്രബലമാകാത്തതു എന്തു് എന്ന്? ദിവസം രണ്ടണപോലും കൂലികിട്ടാത്ത കാലത്തു (പണ്ട്) അവനെങ്ങനെ പണിമുടക്കിനു പോകും? ഏതായാലും കർഷകന്റെ അസുരക്ഷിതത്വം നീക്കുകയാണ് ആദ്യമായി വേണ്ടതു്.

കർഷകന്റെ വരവ് പ്രകൃതികൃതവും മനുഷ്യകൃതവുമായ അനേകം സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുള്ള ഉയർച്ചയും താഴ്ചയും വ്യവസായോൽപ്പന്നങ്ങളുടെ ഉയർച്ച താഴ്ചകളെ അപേക്ഷിച്ചു നോക്കുമ്പോൾ വളരെ കൂടുതലും ഭയജനകവുമാണ്. ഇതു് ഒരു കുഴഞ്ഞ പ്രശ്നമാണ്. വരവ് നേരെയാക്കണമെങ്കിൽ, ഉൽപ്പന്നങ്ങളുടെ വിലയിൽ സ്ഥിരതവേണം. അതുണ്ടാവണമെങ്കിൽ ഉൽപ്പാദനം മുറതെററാതെ നടക്കണം. പക്ഷേ അതു മഴമുതലായ പ്രകൃതികൃതങ്ങളായ സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അപ്പോൾ—?

ഇവിടെയാണു ഗവർമ്മെന്റ് ജലസേചന പദ്ധതികളുമായി പുറപ്പെടുന്നതു്. ഇന്ത്യയിൽ (വടക്കേ ഇൻഡ്യയിൽ) ജലസേചനപദ്ധതികൾ വരുത്തിയിട്ടുള്ള നേട്ടങ്ങൾ പ്രശംസാർഹമത്രേ. ലോയിഡ് ബാരിയേജ് സിൻഡിൽ ചെയ്തിട്ടുള്ള ഗുണം ബ്രിട്ടീഷ് ഭരണത്തിന്റെ നന്മകളിലൊന്നാണ്. പഞ്ചാബ് കനാൽ കോളണികളും ജലസേചനത്തിന്റെ ഫലമാണ്. എന്നാൽ വടക്കെ ഇന്ത്യയിൽ പ്രധാനമായിരിക്കുന്ന ഈ സംഗതി തെന്നിന്ത്യയിൽ വിരളമാണ്. ഇവിടത്തെ കർഷകനാണ് കഷ്ടകാലം. ഇപ്പോഴിതാ ക്ഷാമം തുടങ്ങാറായപ്പോൾ മൈനറും മേജറും ആയ ജലസേചനപദ്ധതികളുമായി ഗവർമ്മെന്റു മുന്നോട്ടു വരുന്നു.

ഇതിന്റെയർത്ഥം ഇന്ത്യയിലെ ഗവർമ്മെന്റിനു ഒരു സ്ഥിരമായ കാർഷികനയം ഇല്ല എന്നതാണ്. ഇന്ത്യയിൽ ഭക്ഷ്യവിളവുകളേക്കാൾ കൂടുതൽ വ്യാവസായികവിളവുകളാണ്. സായിപ്പന്മാരുടെ കച്ചവടസൗകര്യമാണ് ഇവയുടെ അനുപാതത്തെ ഇങ്ങനെയാക്കിത്തീർത്തതു്. അശോകന്റെയും അക്ബറിന്റെയും കാലത്തു് കർഷകനു അല്ലലൊന്നുമില്ലാ

(ശേഷം 11-ാം പേജിൽ)


പ്രസിദ്ധപ്പെടുത്തി

1. ജേതാക്കൾ (നാടകം)
പൊൻകുന്നം വർക്കി 1-8-0

2. അഞ്ചു ചീത്ത കഥകൾ
(രണ്ടാംപതിപ്പ്)
പൊറേറക്കാട്ട്, തകഴി, ദേവ്, ബഷീർ, വർക്കി 1—0—0

3. നടി (നോവൽ) കേശവദേവ്
2—8—0

4. നെടുവീർപ്പുകൾ—നാഗവള്ളി
0—10—0

അരുണാ ബുക്ക്സ്റ്റാൾ ആലപ്പുഴ



ഉടനെ വായിക്കേണ്ട അഞ്ചുപുസ്തകങ്ങൾ

1. പോയതലമുറ
(സി. നാരായണപിള്ള)
പട്ടം, മന്നം, ബാലകൃഷ്ണപിള്ള, കുഞ്ഞുരാമൻ, കെ. ജി. പരമേശ്വരൻ പിള്ള, മാമ്മൻ മാപ്പിള, എം. ഗോവിന്ദൻ, ഇ. സുബ്രഹ്മണ്യയ്യർ ഇവരുടെ തൂലികാ ചിത്രങ്ങൾ. വില 1ക. 4ണ.

2. നിവേദനം (കഥകൾ)
പൊൻകുന്നം വർക്കിയുടെ പുതിയകൃതി 1ക. 8ണ.

3. തകഴിയുടെ കഥകൾ
തകഴി ശിവശങ്കരപ്പിള്ളയുടെ മികച്ച 8 കഥകളുടെ സമാഹാരം. 1ക. 4ണ.

4. അനശ്വരതയിലേക്കുള്ള ക്ഷണം
അബ്ബാസിന്റെ പ്രസിദ്ധരാഷ്ട്രീയ നാടകം. 12ണ.

5. പുരോഗമന സാഹിത്യം എന്തിനു്?
ഈ വിഷയത്തെക്കുറിച്ചുള്ള മലയാളത്തിലെ ഏക ഗ്രന്ഥം 1ക. 4ണ.

അഞ്ചുംകൂടി ഒരുമിച്ചെടുത്താൽ പോസ്റ്റേജ് സൗജന്യം. ഉടനെ വി. പി. അയയ്ക്കാൻ എഴുതുക.

നാഷനൽബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

# ചെറുകഥ

(4-ാംപേജിൽനിന്നു് തുടർച്ച)

ലാളികൾ കണ്ണും പൊത്തിപ്പിടിച്ചിരുന്നു് ചക്രശ്വാസം വലിച്ചു. പിറേറദിവസം അവരെ വെടിവെയ്ക്കാൻ അയാൾ നിയോഗിക്കപ്പെട്ടു.

നല്ല ഒരു ഭക്തൻ്റെ ലക്ഷണം വിശ്വസിക്കുക എന്നുള്ളതാണു്, ഒടൻ അനുസരിക്കുകയും. ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കലിവരുന്നിടത്തു ഫാസിസം ഒളിച്ചിരിപ്പുണ്ടെന്നു പറയാറുണ്ടു്. പക്ഷെ ഭീതനും ഭക്തനും മരണത്തിൻ്റെ വക്കാറുമായി ഇരിക്കുന്നവരാണു്. അവർക്കു എന്തിനു ചിന്താശക്തി. മാധവൻ്റെ തോക്കു് അതിൻ്റെ ജോലിചെയ്തു. എന്നാൽ അന്നത്തെ വെടിവെപ്പിൽ അയാളുടെ ഹൃദയത്തെ സ്പർശിച്ച ഒരു സംഭവമുണ്ടായി. മാധവൻ്റെ തോക്കിലെ വെടിയേറേറപ്പോൾ വൃദ്ധനായ ഒരു തൊഴിലാളി വലത്തുകാൽമുട്ട നിലത്തു കുത്തിയും, കണ്ണുകൾ ശക്തിയായി അടച്ചു് പല്ലുകൾ ഞെരിച്ചും വെടിപ്പുട്ടിൽ വലത്തു കൈ അമർത്തിയും സഹിച്ചുകൂടാത്ത വേദനയാൽ ഇടത്തുകൈകൊണ്ടു തലമുടി വലിച്ചുപിഴുതും വീഴുവാൻ തുടങ്ങിയ ആ കാഴ്ച അയാളെ സാരമായി സ്പർശിച്ചു. അയാൾ പലരെയും വെടിവെച്ചു, കൊന്നിട്ടുണ്ടു്, ബയണററുകൊണ്ടു നശിപ്പിച്ചിട്ടുണ്ടു്. എന്നാൽ വിസ്മരിക്കാൻ പാടില്ലാത്ത തരത്തിൽ ആ കാഴ്ച അയാളുടെ ഹൃദയത്തിൽ കൊണ്ടു. ആ വൃദ്ധൻ അയാളുടെ അച്ഛനെപ്പോലെ ആയിരുന്നു. മരണവീഴ്ചക്കുമുമ്പു് അയാൾ മാധവനെ നോക്കി. അപേക്ഷിക്കുകയുണ്ടായി. "സഖാവേ നിങ്ങൾ എൻ്റെ കൊലയാളിയായിത്തീർന്നുവല്ലോ. നാം അന്യരല്ല. ഒരേ മണ്ണു്. ഒരേ വായു, ഹിമവാൻപ്രാന്തങ്ങൾക്കും കന്യാകുമാരിക്കുംമദ്ധ്യേ ജന്മമെടുത്ത സഹോദരങ്ങൾ. വ്യക്തിപരമായി എന്നാൽ നിന്നുണ്ടായ ഏതു അനീതിയാണു് എന്നെ കൊല്ലുന്നതക്കവിധം നിങ്ങളുടെ ആത്മാവിനെ വേദനിപ്പിച്ചതു്. കഷ്ടം ഭാരതീയനായ നിങ്ങളെക്കൊണ്ടു ഭാരതീയനായ എന്നെ കൊല്ലിക്കുന്ന വൈദേശികാധിപത്യത്തെപ്പററി ദയവായി ഒന്നു ചിന്തിച്ചു നോക്കു. നാട്ടുകാരെ കൊന്നൊടുക്കുന്ന നിർഭാഗ്യകരമായ തൊഴിലിനു സഹോദരാ ഇനിയെങ്കിലും തോക്കു നീട്ടരുതേ, നീട്ടരുതേ. ഇതാ എൻ്റെ അന്ത്യനമസ്കാരം"

ആ വൃദ്ധൻ അയാളുടെ ഒടുവിലത്തെ ശബ്ദത്തോടുകൂടി നിലം പതിച്ചു. സാമ്രാജ്യമോഹത്തിനു ഗംഗാനദി ഒഴുകുന്ന നാട്ടു നൽകുന്ന ജീവജലം പോലെ ആ രക്തം മാധവൻ്റെ കാൽചുവട്ടിലേക്കു ഒഴുകിച്ചെന്നു. പാശ്ചാത്യനാഗരികതയുടെ വിശപ്പിനു അഹിംസയുടെ നാട്ടു നൽകിയ ആഹാരംപോലെ ആ ശവശരീരം അവിടെ കിടന്നു. മാധവൻ്റെ കൈക്കു് ഒരു സ്തംഭനം ഉണ്ടായി. അന്നു രാതിൻ്റേശേഷം ആ കൈ തോക്കു് ഉയർത്തിയില്ല. ആ മരണോൽസുകൻ്റെ ദേഹത്തുനിന്നു തെറിച്ചു ഒരുതുള്ളി രക്തം മാധവൻ്റെ കവിൾത്തടത്തിലിരുന്നു് സൂചിക്കുന്നപോലെ ചുളുചുളുക്കുണ്ടാക്കി. മാധവൻ അതു പലവട്ടം തുടച്ചുകളഞ്ഞു ക്യാമ്പിൽ ചെന്നശേഷം വല്ലാത്ത ചിന്താഭാരത്തോടുകൂടി ആ'ദേയമോവ്' മുഖകണ്ണാടിയെടുത്തു് കവിൾത്തടം പരിശോധിച്ചു. അവിടെ വിശേഷിച്ചൊന്നുമില്ല. എന്നാലും ഒരു ചുളുചുളുപ്പു്. ടൗവൽ കൊണ്ടു പൊട്ടിസ്സിൽആന്നു, രക്തകണങ്ങൾ തുടച്ചുകളഞ്ഞപ്പോൾ ആ അന്ത്യാപേക്ഷ അയാളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ആ സംശയം ഇനിയും അയാളെ വിട്ടുമാറിയില്ല. അതു അച്ഛൻതന്നെ ആയിരുന്നോ? ഹേയ് അച്ഛൻ്റെ സ്വരം അങ്ങനെയല്ലല്ലോ. അല്ലെങ്കിൽ തന്നെ അച്ഛൻ എങ്ങനെ ഈ തൊഴിലാളികളുടെ കൂട്ടത്തിൽ അകപ്പെട്ടു. ഒരു പക്ഷെ മലോസിലെവിടെയോ ഉണ്ടെന്നു പറയുന്ന ആ കൊച്ചച്ഛനാണോ? ആ ചുളുചുളുപ്പു് അയാളെ വേദനിപ്പിച്ചു.

## III

മാനസികരോഗ വിദഗ്ദ്ധനായ ഒരു ഡോക്ടർ മാധവനെ പരീക്ഷിക്കുകയുണ്ടായി. അയാൾക്കു പൂർണ്ണമായ വിശ്രമം ആവശ്യമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. മാധവനെ ഡിസ്ചാർജ്ജ് ചെയ്യുന്നതിൽ അയാളുടെ മേലധികാരികൾക്കു വളരെ കുണ്ഠിതമുണ്ടായി. മനസ്സില്ലാമനസ്സോടെയാണു് അവർ അങ്ങനെ ചെയ്തതു്. ആ സമയംകൊണ്ടു രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. എന്നാൽ ജയിച്ചതു് ഏതുകൂട്ടരാണെന്നു ലോകത്തിലെ ചിന്തകന്മാർക്കു സംശയം:- ഒരു ആററമിക് ഡെമോക്രസിക്കുവേണ്ടി രണ്ടാം ലോകമഹായുദ്ധം വിശ്രമം സ്വീകരിച്ചിരിക്കുന്നു എന്നുമാത്രം. വിശ്രമത്തിനുവേണ്ടി മാധവനും സന്നദ്ധനാകുന്നു.

വളരെയധികം സമ്മാനങ്ങളോടും സാധനസാമഗ്രികളോടുംകൂടി അയാൾ നാട്ടിലേക്കു തിരിച്ചു. അയാളുടെ പെട്ടികൾക്കു വളരെ ഘനമുണ്ടു്. തൻ്റെനാട്ടു സ്വാതന്ത്ര്യമായാൽ അന്യനാട്ടുകളുമായി കപ്പൽകച്ചവടം ആവശ്യമുണ്ടു്. അതിനാൽ കുറച്ചു കപ്പലും അയാൾ കൊണ്ടുവരുന്നു. ആ പെട്ടിയുടെ ഒരു കള്ളിനിറയെ പലതരം പ്ലൂഷംകളും ഉണ്ടു്.

അച്ഛനെ കണ്ടപ്പോൾ മാധവൻ ഞെട്ടിപ്പോയി. മരിച്ച ആ മനുഷ്യനും അച്ഛനുമായി എന്തൊരു രൂപസാമ്യം

മാധവൻ ചോദിച്ചു "അച്ഛാ, നമ്മുടെ ആ കൊച്ചച്ഛൻ മലായിലല്ലേ?"

അതേ.

'അതോ ബോംബയിലാണോ?',

'ആ എനിക്കറിഞ്ഞുകൂടാ. അവൻ അവിടെ എവിടെയോ ഉണ്ടെന്നുമാത്രം എനിക്കറിയാം ,

കൊച്ചച്ഛൻ്റെ മുൻപല്ലിലൊ പോയിട്ടുണ്ടോ?

പത്തുപതിനാറുകൊല്ലംമുമ്പു് അവൻ ഇവിടെയൊന്നുവന്നിരുന്നു. അന്നു് പല്ലുപോയിട്ടില്ലായിരുന്നു. എന്താ, വിശേഷം.

ഞാൻ ഒരു തൊഴിലാളിയെ വെടിവച്ചു് കൊന്നു-ചിന്തയാൽ മാധവൻ്റെ വാക്കുകൾ ഇഴഞ്ഞു

ആ മനുഷ്യൻ അച്ഛനെപ്പോലെയിരുന്നു. അതു കൊച്ചച്ഛൻ ആണോയെന്നു് എനിക്കൊരു സംശയം.

എന്നെപ്പോലെ തോന്നുമായിരുന്നോ?

അതേ അച്ഛനെപ്പോലെതന്നെ.

എടാ മഹാപാപീ, നീ അവനെയാണോ വെടിവച്ചതു്.

എന്തോ എനിക്കറിഞ്ഞുകൂടാ- ഏറെ ഭാരത്തോടുകൂടി മാധവൻ പറഞ്ഞു. അയാളുടെ കവിളിൽ ആ ചുളുചുളുപ്പു ആരംഭിച്ചു.

നാട്ടിൽവന്നിട്ടും മാധവനു വലിയ ഉന്മേഷമൊന്നുമില്ല. ഈ കാലത്തിനിടയ്ക്കു ഒന്നുരണ്ടു കുത്തിവെപ്പുകൾ അയാൾക്കു ആവശ്യമായി. ആ ഉപദേഷ്ടാവിനെ അയാൾ അന്വേഷിച്ചു. അദ്ദേഹം അപ്പോഴും ജയിലിലായിരുന്നു. ഇടയ്ക്കു രണ്ടുപ്രാവശ്യം ആ മനുഷ്യൻ മോചിതനായി. ഇപ്പോൾ വീണ്ടും ജയിലിലാണു്. മാധവൻ ജയിലിൽ ചെന്നു. ആ തടവുകാരൻ്റെ മുമ്പിൽ അയാൾ വിനയാന്വിതം കൂപ്പുകൈ ഉയർത്തി. അദ്ദേഹം ചോദിച്ചു.-

മാധവാ, യുദ്ധമൊക്കെ ജയിച്ചു, ഇല്ലേ?

അതേ, അഭിമാനപൂർവം മാധവൻ മറുപടികൊടുത്തു. പക്ഷെ നമ്മുടെ മാതൃഭൂമി ഇന്നും അടിമയാണു്. മാധവാ. ഇടിനാദംപോലെ ആ സ്വരം മാധവൻ്റെ ചെവിയിൽ മുഴങ്ങി.

അതേ, എൻ്റെ നാട്ടു് ഇന്നും പരതന്ത്രയാണു്. സാമ്രാജ്യത്തിനുവേണ്ടി ഞാൻ യുദ്ധംചെയ്തു. ക്ലേശംസഹിച്ചു, എൻ്റെ നാട്ടുകാരെപ്പോലും കൊന്നു. പക്ഷെ എൻ്റെ നാട്ടു് ഇന്നും പരതന്ത്രയാണു്. ചിന്തയിൽ മുഴുകിയ ആ യുവാവു് ലക്ഷ്യമില്ലാതെ നടന്നു് ഒരു മോട്ടോർകവലയിലെത്തി. അവിടെക്കണ്ട ഒരു മോട്ടോറിൻ്റെ സീററിൽ ഇരിപ്പുറപ്പിച്ചു.

എങ്ങോട്ടാണു സർ,- കണ്ടക്ടർ

ഈ ബസ്സെങ്ങോട്ടാണു്?

കോട്ടയത്തിനു്

ഞാനും കോട്ടയത്തിനാണു്.

കോട്ടയത്തുനിന്നു ഒരു കുളിച്ചുതാമസത്തിനു മാധവൻ ആലുവായ്ക്കു തിരിച്ചു. നല്ല മകരമാസം. ആലുവാപ്പുഴ പ്രസിദ്ധമായ ശിവരാത്രിക്കു വന്നുചേരുന്ന ആളുകൾക്കുവേണ്ടി മണൽതിട്ടു ഒരുക്കുന്നു: മനോഹരമായ ആ മണൽപ്പുറത്തുകൂടി മാധവൻ കുറേനേ

ം നടന്നു. അൽപം കുടിച്ചാൽ കൊള്ളാമെന്ന് അയാൾക്കൊരു തോന്നൽ. ബ്രാണ്ടി, ജിന്ന്, വിസ്കി- വേണ്ടതുപോലെ അയാൾ കുടിച്ചു. അന്വേഷണത്തിൽ ഭേദപ്പെട്ടവർക്കുവേണ്ടിയുള്ള ഒരു വീടും അയാൾക്കു കിട്ടി. അഞ്ചുരൂപാ മാത്രം. പേഴ്സിൽ കറൻസിനോട്ടുകൾ അടുക്കിവച്ചിരുന്ന മാധവനു അതു പുല്ലായിരുന്നു. അയാൾ ഒരു മുറിയിൽ കാത്തിരുന്നു, കുറേനേരം കഴിഞ്ഞപ്പോൾ മുറിയുടെ മദ്ധ്യത്തിലുള്ള സ്ക്രീനിന്റെ മുകളിൽക്കൂടി മാധവൻ പുറത്തേക്കൊന്നു നോക്കി. ഒരു ചെറുപ്പക്കാരി. പൗഡർ അണിയുന്നു. പൗഡർ അൽപം കുറഞ്ഞാലും ഒന്നുവന്നിരുന്നെങ്കിൽ! സ്ക്രീനിന്റെ മുകളിൽക്കൂടി ഒരു ചാട്ടംകൊടുത്താലോ എന്നും അയാൾക്കു തോന്നാതിരുന്നില്ല.

അയാൾ വിളിച്ചു, 'ഹല്ലോ-മാഡം' ഗുഡ്നൈറ്റ്.

'ഗുഡ്നൈറ്റ്', ഒരു മണിനാദം അവിടെനിന്നും പുറപ്പെട്ടു.

വാതിൽ തുറന്നു അതു ഉടനെ അടയ്ക്കുകയും ചെയ്തു. മാധവൻ ആവേശത്തോടു അവരുടെ ഭുജത്തിൽ കൈകൾ ചെലുത്തു. മദ്യലഹരികൊണ്ടും മറ്റും ഉന്മത്തനെങ്കിലും ഇടിവെട്ടേറ്റപോലെ അയാൾ ഒന്നുഞെട്ടി "ഹാ!!" ദയനീയമായി ആ യുവതി കരഞ്ഞു. അതേ. അതു മാധവന്റെ കാർത്തി തന്നെ.

ചക്രവർത്തി തിരുമനസ്സിലെ ജന്മനാളായി 'സർ, റാവു ബഹദൂർ, റൈറ്റ് ആണറബിൾ, മുതലായ ബിരുദങ്ങളും, വിക്ടോറിയാ ക്രോസ്സ് മുതലായ ഉൽകൃഷ്ട ചിഹ്നങ്ങളും പതിവുപോലെ അവിടെനിന്നു പുറപ്പെട്ടു മാധവൻ വിക്ടോറിയ ക്രോസിന്നവകാശിയായി. സ്റ്റേറ്റിലെ അധികാരികൾ വളരെ ആഡംബരപൂർവം അവ മാധവനു കൊടുക്കാൻ നിശ്ചയിച്ചു. അഥവാ നിർദ്ദേശിക്കപ്പെട്ടു. വിജ്ഞാപനം പുറപ്പെട്ടു.

മാധവന് അറിയിപ്പുകിട്ടി. അയാൾ കവിളിലെ ആ ചുളുചുളുപ്പിന്റെ സ്ഥാനം സൂക്ഷ്മമായി കണ്ടുപിടിക്കാൻ കണ്ണാടിയിൽ നോക്കിക്കൊണ്ടു ഇരിക്കയായിരുന്നു.

ആ ദിവസം ആഗതമായി. സ്റ്റേറ്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ മാധവനെ പ്രതീക്ഷിച്ച് ഇരിപ്പായി. അയാളുടെ അച്ഛനമ്മമാരേയും അങ്ങോട്ടു ക്ഷണിച്ചിട്ടുണ്ടായിരുന്നു. പക്ഷേ മാധവൻ എങ്ങോട്ടും പോയില്ല. അയാളുടെ ഒരു കത്തുമാത്രം അവിടെ ചെന്നു.

"സർ, എനിക്ക് ഇതൊന്നും ആവശ്യമില്ല. യുദ്ധം ജയിച്ചു. പക്ഷേ എന്റെ നാട് ഇന്നും പരതന്ത്രമാണ്. ഈ സ്ഥാനമാനങ്ങൾ ഓരോന്നും എന്റെ മാതൃഭൂമിയുടെ അടിമച്ചങ്ങലയ്ക്ക് പുതിയ പുതിയ ഓരോ കണ്ണികളെ ആകുന്നുള്ളു. ഒരുതരം കള്ളനാണയങ്ങളുടെ സ്വരമേ ഇവയിൽനിന്നു പുറപ്പെട്ടു"

## ഇസഡ്

# "ചില്ലറ"

മലയാളരാജ്യം ഒരു മുഖപ്രസംഗത്തിൽ പറയുകയാണ്-"സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദർശങ്ങളെയും ലക്ഷ്യത്തെയും എതിർത്തവരാരും ഇവിടെ ഒരിക്കലും ഉണ്ടായിരുന്നില്ല."

ഇതു കേട്ടാൽ തോന്നും മലയാളരാജ്യം ഒരു പുതിയ പത്രമാണെന്ന്. അല്ലേ ഗംഗാധരൻനായരേ?

- - - - - -

നായർസർവീസ് സൊസൈറ്റിയുടെ പൊതുയോഗം ചങ്ങനാശ്ശേരിയിൽ വച്ചുകൂടി നായന്മാർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേരേണ്ടതാണെന്നുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടു. അപ്പോൾ മി. കെ. ജി. നാരായണപ്പണിക്കർ എം. എൽ. സി. പ്രസംഗിക്കയാണ്—"ഞാൻ സ്റ്റേറ്റ് കോൺഗ്രസ്സിലെ ഒരു മെമ്പറാണ്. ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു പ്രമേയം പാസാക്കേണ്ട ആവശ്യം ഇല്ല"

നേരല്ലേ, സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങൾ അറിഞ്ഞും അനുഭവിച്ചും കൊണ്ടിരിക്കുന്നവരല്ലേ അതു വേണോ വേണ്ടയോ എന്നു പറയേണ്ടതു് ചുമ്മാ പുറത്തുനിൽക്കുന്ന മന്നത്തിനും ടി പി-ക്കും എന്തറിയാം.

- - - - -

കോഴിക്കോട്ട് ഒരു കമ്യൂണിസ്റ്റ് കൊല്ലുന്നുണ്ട്, മുഹമ്മദ് ഇസഹാക്ക്. അദ്ദേഹം രാജ്യദ്രോഹപരമായ (രാജദ്രോഹമല്ല) പ്രസംഗം ചെയ്തതിനു കേസ്സ് ചാർജ് ചെയ്തു. കോടതിയിൽ എത്തിയപ്പോൾ പ്രധാനമന്ത്രി പ്രകാശത്തിന്റെ ഒരു കത്തുകിട്ടി. ഇസഹാക്കിന്റെ പ്രസംഗത്തിന്റെ റിപ്പോർട്ടുകൾ വായിച്ചു. അതിൽ ജനങ്ങളെ അക്രമത്തിനു പ്രേരിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രസംഗങ്ങൾ ആവർത്തിക്കുന്നതിനെതിരായി നിങ്ങളെ താക്കീതു ചെയ്യുന്നു.

ഇസഹാക്കിന്റെ മറുപടി! "താങ്കളുടെ ഉപദേശത്തിനു നന്ദി. ആഗസ്റ്റു സംഭവങ്ങളെ പുകഴ്ത്തിക്കൊണ്ടു പണ്ഡിത ജവാഹർലാൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ കവിഞ്ഞൊന്നും എന്റെ പ്രസംഗങ്ങളിൽ ഇല്ല. താങ്കൾ ഇതേ ഉപദേശം നെഹ്‌റുവിനു കൊടുത്താൽ നന്നായിരിക്കും.

പ്രകാശം വയസ്സനല്ലേ, ഇസഹാക്കേ ക്ഷമിക്കൂ

- - - -

"സാമ്പിൾ അസംബ്ളി"യിൽ ഡീസി പറയുന്നു, വടക്കൻ തിരുവിതാംകൂറിൽ ചാഴിയുടെ ശല്യം കൂടുതലാണെന്ന് ആരുടെ കുറ്റം? നേരത്തെ കണ്ടു ചെയ്തിരുന്നെങ്കിൽ ചാഴി ഇത്രയും കുളികമായിരുന്നോ? ചാഴി ചാടുകയും പാടുകയും ചെയ്യുന്നതു കണ്ടപ്പോൾ വടക്കൻതിരുവിതാംകൂറിലെ കൃഷിക്കാരൻ ക്രിസ്ത്യാനി വിചാരിച്ചു, ഇതൊരു നല്ല ജന്തുവാണെന്ന്. ഇപ്പോൾ മനസ്സിലായില്ലേ? നമ്മുടെ വെങ്കിടകൃഷ്ണനുമാത്രം ചാഴിയെപ്പറ്റി നല്ല അഭിപ്രായമായിരുന്നു. പുള്ളി കുംഭകോണത്തിനു കടന്നുകളഞ്ഞു. ഈയിടെ ചാഴിയുടെ ബാധ റോഡിലേക്കും പാലത്തിലേക്കും മറ്റും വ്യാപിച്ചെന്നു കേട്ടു. സൂക്ഷിച്ചോണേ? ചാഴിയുടെ ബാധ ഒഴിച്ചുകൊടുക്കുന്നവർക്ക് സർക്കാരിൽനിന്നു "37000" രൂ ഇനാം നൽകുന്നതാണ്.

---

··ന്ന് ,വിനയപൂർവം മാധവൻ,

ജനകീയ സ്വരം ഉയരുന്ന ഒരു രംഗത്തിൽ അന്നു മാധവൻ സംബന്ധിക്കുന്നുണ്ടായിരുന്നു. അയാൾ അവിടെ ഒരു പ്രമേയം അവതരിപ്പിക്കുന്നു. ഭാരതത്തിന്റെ ഏറ്റവും വലിയ അഭിമാനബോധം ഉൽബുദ്ധമായി. ആ പ്രമേയത്തിന്റെ മുമ്പിൽ എഴുന്നേറ്റുനിന്ന് ആളുകൾ അവരുടെ സമ്മതം പ്രകടിപ്പിച്ചു. "ക്വിറ്റ് ഇൻഡ്യാ" അതായിരുന്ന ആ പ്രമേയത്തിന്റെ തലക്കെട്ട്.

**രക്ഷാകേന്ദ്രം**

**ശശാങ്ക**

മൂത്രാശയരോഗങ്ങൾ പിടിപെട്ടയാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവ്, (കല്ക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം; (വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കറ്റൊന്നിന് വില രൂപാ 3. പാക്കിംഗ് പോസ്റ്റേജ് അഞ്ചലിൽ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,

H. O. തട്ടാരമ്പലം. A. O. മാവേലിക്കര—തിരുവിതാംകൂർ.

# തൊഴിലാളിലോകം

## മലബാർ നെയ്ത്തു തൊഴിലാളികൾ

(പി. വി. ചാത്തുനായർ)

മലബാറിലെ ജനങ്ങളിൽ രണ്ടുലക്ഷത്തിലധികം പേർ നെയ്ത്തു വ്യവസായത്തെ ആശ്രയിച്ചു കഴിയുന്നവരാണ്. മുടങ്ങാതെ പ്രവൃത്തി എടുക്കുകയാണെങ്കിൽ മലബാറിലെ തൊഴിലാളികൾക്കു പ്രതിമാസം 66 ലക്ഷം വാരത്തുണി ഉൽപ്പാദിപ്പിക്കാൻ കഴിയും. പക്ഷെ നൂൽക്ഷാമംകൊണ്ട്, ഇതിന്റെ പത്തിലൊന്നേ ഇന്നു ഉൽപ്പാദിപ്പിക്കുന്നുള്ളു. അനുവദിച്ചിട്ടുള്ള കോട്ടാപ്രകാരമുള്ള നൂലിന്റെ തന്നെ നാലിലൊരുഭാഗമാണ് ഇപ്പോൾ കിട്ടാറുള്ളതു്.

നെയ്ത്തു തൊഴിലാളികളുടെ കൂലി വളരെ കുറവാണ്. തകർന്ന ജീവിതമാണ്, ഇന്നവർ നയിക്കുന്നതു്,

തൊഴിലാളികളുടെ അവശതകളെയും ആവശ്യങ്ങളെയും കാണിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രി മി. പ്രകാശത്തിനു സമർപ്പിച്ചിരിക്കുന്നു. തൊഴിൽവകുപ്പുമന്ത്രിയെ കാണാൻതരപ്പെട്ടില്ല. കാര്യത്തിന്റെ ഗൗരവം മലബാറിലെ എം. എൽ. എ.മാരെയും ഗ്രഹിപ്പിച്ചിട്ടുണ്ട്.

## കർഷകന്റെ ആവശ്യങ്ങൾ

യിരുന്നപ്പോൾ. എന്നാൽ ബ്രിട്ടീഷുകാർ വന്നതോടെ അവർ അവരുടെ പ്രത്യേകമായ—അവർക്കു യോജിച്ച—നയമെടുത്തതുകൊണ്ട് നമ്മുടെ വ്യവസായങ്ങളും വിദ്യാഭ്യാസവും കൃഷിയും ഇങ്ങനെയായി.

കർഷകനു മുണ്ടും, ഭക്ഷണവും, കെട്ടിടവും ഉല്ലാസത്തിനു വേണ്ട സൗകര്യങ്ങളും മററും വേണമെന്നു എല്ലാവരും തുറന്നു പറയുന്നു. അവനു് അവന്റെ ഉൽപ്പാദനത്തിൽ അവനെ സഹായിക്കാനായി മേൽത്തരം കൃഷിസാമഗ്രികളും, വളവും, വിത്തും കൊടുക്കണമെന്നും എല്ലാവരും അസംബ്ലിയിലും പുറത്തും പ്രസ്താവിക്കുന്നു. ഈ പ്രാസംഗികന്മാരെല്ലാം തന്നെ ആത്മാർത്ഥതയുള്ളവരുമാണ്. എന്നാലവർ ആലോചിച്ചു നോക്കട്ടെ. ഇന്നത്തെ സ്ഥിതിയിൽ അവനു് നല്ല പിടിയുള്ള തൂമ്പാ കൊണ്ടും പൂച്ചമാക്കു വളം കൊണ്ടും, മേൽത്തരം വിത്തുകൊണ്ടും എന്തുപയോഗമാണുള്ളതെന്നു? എന്നാലും അവന്റെ നട്ടെല്ല് വളഞ്ഞും, ശരീരം പരുപരുത്തും വയറൊട്ടിയും ഇരിക്കും.

ഇന്നത്തെ സാമൂഹ്യസംഘടനയുടെ ദോഷം ഇതാണ്. ഉളുക്കു വിദ്യകൊണ്ട് നിൽക്കും എന്നുള്ളതു്. സാമൂഹ്യസംഘടനയെ ഒന്നാകെ മാററണം ഒരു പുതിയ വീക്ഷണകോടിയാണു ഇന്നത്തെ ലോകം സാമൂഹ്യപ്രശ്നങ്ങൾക്കു് നൽകിക്കൊണ്ടിരിക്കുന്നതു

## തോട്ടം തൊഴിലാളികൾ

റബർ തേയിലത്തോട്ടങ്ങളിൽ പണിമുടക്കുകൾ നടക്കാതിരിക്കുന്നതു് തോട്ടം ഉടമസ്ഥന്മാരും തൊഴിലാളിനേതാക്കന്മാരും തമ്മിൽ ബന്ധം പുലർത്തുന്നതുകൊണ്ടാണെന്നുള്ള മി. എ. എൻ. സത്യനേശന്റെ കൌൺസിൽപ്രസ്താവനയെ നിഷേധിച്ചുകൊണ്ട് അ. തി. എസ്റ്റേററു വർക്കേഴ്സ് യൂണിയൻ ജനറൽസെക്രട്ടറി ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

## ഭക്ഷണക്ഷാമം തീർക്കാൻ.

ആലപ്പുഴ, മുഹമ്മ, ചേർത്തല, അരൂർ കയർഫാക്ടറി തൊഴിലാളി യൂണിയനുകളുടെ ഒരു സംയുക്തപ്രസ്താവനയിൽ ഇങ്ങനെ പറയുന്നു.

1. ഭക്ഷണം, വസ്ത്രം, ആദിയായവയുടെ ഉൽപ്പാദന-സംഭരണ-വിതരണാദികാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകമ്മററികൾ, താലൂക്കു കമ്മററികൾ, അഖിലതിരുവിതാംകൂർ കമ്മററി എന്നിവ ഉടനെ രൂപീകരിക്കുകയും, ഇവയുടെ സമർത്ഥമായ നടത്തിപ്പിനു് എല്ലാ ഡിപ്പാർട്ടുമെന്റു് മേലദ്ധ്യക്ഷന്മാരും ഈ കമ്മററികളോടു് ഉത്തരവാദിത്വമുള്ളവരായി പെരുമാറുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാകുന്നു.

2. മേൽപ്പറഞ്ഞതരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിന് ശ്രീ. ആർ. ശങ്കരനാരായണൻതമ്പി, സി.എസ്. ഗോപാലപിള്ള, എ. കെ. തമ്പി, സി. എസ്. ജോർജ്ജ്, ശ്രീമതി അക്കാമ്മചെറിയാൻ തുടങ്ങിയ എല്ലാ രാഷ്ട്രീയ തടവുകാരെയും വിട്ടയക്കുക.

---

എന്നൊന്നും അവരിലെ വ്യക്തികൾ മനസ്സിലാക്കുന്നില്ല. കർഷകന്റെ ആവശ്യങ്ങൾ മറെറല്ലാവരെയും പോലെ ഭക്ഷണം, വസ്ത്രം, പാർപ്പിടം എല്ലാററിലും ഉപരിയായി സുരക്ഷിതത്വം, ഇവയാണ്. ഇവ മരുന്നുകൊണ്ട് അവനു കൊടുക്കാമെന്നു ആരും വിചാരിക്കണ്ട. കർഷകനെ ഉയർത്താനുള്ള ഒരു ഗവർമ്മെന്റു് താമസിയാതെ ഉദയം ചെയ്യും. അപ്പോൾ അവൻ സ്വതന്ത്രനാകുകയും നട്ടെല്ല് നിവർക്കയും ചെയ്യും.

ഗാന്ധിജിയോടു് ഒരു മാപ്പപേക്ഷ. ഖാദിയെപ്പററിയും ആവശ്യങ്ങൾ കുറക്കുക എന്നതിനെപ്പററിയും ഒന്നും പറഞ്ഞില്ല ക്ഷമിക്കേണമെ എന്നു. കർഷകർക്കു് ഒന്നുണ്ട് സമാധാനം. നേതാവെങ്കിലും ആട്ടിൻപാലും ഇരുന്തപ്പുഴവും കഴിക്കുന്നുണ്ടല്ലോ എന്നു്! .

3. ഘോഷയാത്ര, പത്രപ്രവർത്തനം, പ്രസംഗം, പണിമുടക്ക് എന്നിവയുടെ മേലുള്ള എല്ലാ നിരോധനങ്ങളും പിൻവലിക്കുകയും, പരിപൂർണ്ണ സിവിൽസ്വാതന്ത്ര്യം അനുവദിക്കേണ്ടതുമാണ്.

ജീവൽപ്രധാനമായ ഈ ആവശ്യങ്ങൾ നടപ്പിൽവരുത്തുന്നതിനും തിരുവിതാംകൂറിലെ ഭാവിഭരണം എന്തായിരിക്കുമെന്ന് തിരുവിതാംകൂറിലെ ജനങ്ങൾതന്നെ തീരുമാനിക്കുന്നതിനു വിട്ടുകൊടുക്കണമെന്നാണ് കന്യാകുമാരിമുതൽവടക്കൻ പറവൂർവരെയുള്ള ജനങ്ങൾ സംഘടിതമായി ആവശ്യപ്പെടുന്നതു്.

ഈ അടിസ്ഥാനത്തിൽ പണിമുടക്കത്തെയും, തുടർന്നുള്ള തീരുമാനങ്ങളെയുംപററി കാര്യമായി തൊഴിലാളികളും പൊതുജനങ്ങളും ചിന്തിക്കുകയും, സുശക്തമായ ഒരു ജനകീയ ഐക്യം കെട്ടിപ്പടുക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

## തീപ്പെട്ടി ഫാക്ടറിയിൽ

(ററി. സി. കണ്ണൻ)

തൊഴിലില്ലായ്മകൊണ്ടും പട്ടിണികൊണ്ടും തൊഴിലാളികളും നാട്ടുകാരും വലയുന്ന ഈ അവസരത്തിൽ ഉള്ള തൊഴിൽപോലും കൊടുക്കാതെ വഞ്ചിനാട് തീപ്പെട്ടികമ്പനി ലാക്കൗട്ടു ചെയ്തിരിക്കുന്നു.

ഗവർമ്മെന്റു ഇടപെട്ടു ഉടനെ കാര്യങ്ങൾ ന്യായമായതരത്തിൽ തീരുമാനിക്കേണ്ടതാണ്. തൊഴിലാളികൾക്കു സാമ്പത്തിക സഹായം ചെയ്യാൻ നാട്ടുകാരോടും അഭ്യർത്ഥിക്കുന്നു.

## പിരിച്ചുവിടപ്പെട്ട പടയാളികളോട്

മലബാർ എക്സ് സർവീസ്മെൻസ് അസോസിയേഷൻ സെക്രട്ടറി അയച്ചുതന്ന പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു.

ഇന്നു മർദ്ദിതവർഗ്ഗവും കഷ്ടപ്പാടിലാണു ഗവർമ്മെണ്ടു ജീവനക്കാരും റെയിൽവേ തൊഴിലാളികളും എല്ലാം തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ വെച്ചുവാങ്ങാൻനടത്തുന്ന ന്യായമായ പണിമുടക്കങ്ങൾ പൊളിച്ചു,നമ്മുടെ പാവപ്പെട്ട നാട്ടുകാരെ കഷ്ടത്തിലാക്കാൻ പിരിച്ചുവിടപ്പെട്ട പടയാളികളായ നമ്മളിൽ ഒരൊററ... ട്ടിയേയും കരിങ്കാലിയായി... സാമ്രാജ്യത്വത്തിനും അ... ടുത്തുണകളായ സ്ഥാ... ക്കാക്കും കിട്ടരുതു്. ... നിന്നു പിരിച്ചു ... പ്പെട്ട നമ്മൾ ക... വിടെയും ഓടി... ട്ടീഷ് സാമ്രാ... ന്നതു്. നമ്... ക്കെതിരാ... നമ്മളെ

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

യെല്ലാം തൊഴിലില്ലാത്തവരാക്കി വലയ്ക്കുന്ന ഈ ദുഷ്ടസാമ്രാജ്യാധിപത്യത്തിന് കിട്ടരുത്. നമ്മൾ നമ്മുടെ വിലയേറിയ യൗവനവും ചിലവാക്കി ജീവനെപ്പോലും തൃണവൽഗണിച്ചു, വമ്പിച്ച സർവീസ് ചെയ്തവരാണ്. നമ്മളെക്കൊണ്ട് നാട്ടിനും വീട്ടിനും അനേകം ഗുണങ്ങളുണ്ടായിട്ടുണ്ട്. നമുക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചിട്ടുണ്ട്. നമുക്ക് കുറെയെല്ലാം മനോവികാസമുണ്ടായിട്ടുണ്ട്. നമുക്ക് മികച്ച സ്വഭാവമാനമുണ്ട്; തികഞ്ഞ രാജ്യാഭിമാനമുണ്ട്; സകലതുമുണ്ട്. എത്രതന്നെ പട്ടിണികിടന്നു മരിച്ചാലും ഇതൊന്നും നമ്മൾ കളഞ്ഞുകുളിക്കരുത്; നഷ്ടപ്പെടുത്തരുത്.

## എസ്. ഐ. ആർ. പണിമുടക്കം

തെന്നിന്ത്യാ റെയിൽവേ യൂണിയന്റെ പ്രസിഡണ്ടായ മി. കല്യാണസുന്ദരത്തിന്റെ ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു,

തൊഴിലാളികളും അധികൃതന്മാരും തമ്മിലുള്ള തർക്കങ്ങൾ സമാധാനപരമായി തീർക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ആഗസ്റ്റ് 24-ാംനു ശനിയാഴ്ച അർദ്ധരാത്രിമുതൽ തെന്നിന്ത്യൻ റെയിൽവെയിൽ എല്ലായിടത്തും പണിമുടക്കം തുടങ്ങുന്നതായിരിക്കും. എന്റെ സഹപ്രവർത്തകനായിരുന്ന മദ്രാസ് തൊഴിൽകാര്യമന്ത്രി ശ്രീ. ഗിരിക്ക് വേലക്കാരുടെ ആവശ്യം ന്യായമാണെന്നറിയാം. എങ്കിലും മന്ത്രിസഭയ്ക്ക് ഇതുവരെയും റെയിൽവെ അധികൃതന്മാരെ തടയാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, അവർ വേലക്കാർക്കെതിരായി പോലീസിനെ അയക്കാൻ അനുവദിക്കപോലും ചെയ്തിരിക്കുന്നതു പരിതാപകരമാണ്.

ഞാൻ സംസ്ഥാനത്തിലെ എല്ലാ ആത്മാർത്ഥതയുള്ള കോൺഗ്രസ്സുകാരോടും ബഹുജനങ്ങളോടും വേലക്കാരുടെ ആവശ്യങ്ങൾ ഏറ്റെടുത്ത് റെയിൽറോഡ്സ് ഭരണത്തിന്റെ ചെവിക്കുപിടിക്കുവാൻ തങ്ങളുടെ ശ[...]ൻ പ്രയോഗിക്കണമെന്ന

പീപ്പിൾസ് ഏജ്

## ഗാന്ധിജിയും പണിമുടക്കും

[...]വ്യവസായത്തൊഴിലാളികളുടെയിടയിൽ വിപുലമായ തോതിലുണ്ടായിട്ടുള്ള ഉണർവിന്റെയും രാജ്യത്തൊട്ടാകെ ഇരമ്പിക്കയറുന്ന പണിമുടക്കത്തിരമാലയുടേയും മുമ്പിൽ, പരസ്യമായി അവയെ എതിർക്കുക എന്ന നിലയിലേക്ക് കോൺഗ്രസ്സ് നേതാക്കൾ അതിവേഗം പിൻമാറാൻ തുടങ്ങിയിരിക്കുന്നു. സാമ്രാജ്യഭരണം സൃഷ്ടിച്ച ഭയങ്കരമായ സാമ്പത്തികസ്ഥിതിക്കെതിരായി ഒരു തരത്തിലും തൊഴിലാളികൾ പ്രത്യക്ഷസമരത്തിലിറങ്ങുന്നതിനു അവർ എതിരായിരിക്കുന്നു.

കോൺഗ്രസ്സ്മന്ത്രിസഭകൾ പണിമുടക്കങ്ങൾക്കെതിരായി താക്കീതുകൾ നൽകുന്നു, പണിമുടക്കസമയത്തു പണിയെടുക്കാനൊരുക്കമുള്ളവർക്ക്, അതായതു കരിങ്കാലികൾക്ക്, ഗവർമ്മെന്റു സംരക്ഷണം നൽകാനും ആരംഭിച്ചിരിക്കുന്നു. 144 പാസ്സാക്കി പണിമുടക്കുയോഗങ്ങളെ അവർ തടയുന്നു. പണിമുടക്കാനുള്ള അവകാശംതന്നെ നിയമപരമായി വേലക്കാരിൽനിന്നു തട്ടിയെടുക്കാൻ അവർ ബില്ലുകളുണ്ടാക്കുകയാണ്.

ഈ സന്ദർഭത്തിലാണ് പ്രയോഗത്തിൽ എല്ലാ പണിമുടക്കങ്ങളേയും അധിക്ഷേപിച്ചുകൊണ്ടുള്ള ഗാന്ധിജിയുടെ 'ഹരിജൻ' ലേഖനം വരുന്നത്; എല്ലാ തർക്കങ്ങളും മദ്ധ്യസ്ഥതയിന്നു വെയ്ക്കാൻ അദ്ദേഹം വേലക്കാരോടാവശ്യപ്പെടുന്നു; കോൺഗ്രസ്സ് തൊഴിലാളികളുടെ താൽപ്പര്യങ്ങളെ വഞ്ചിച്ചുവെന്നു തെളിയുംവരെ അനുഭാവപ്പണിമുടക്കങ്ങൾ പാടില്ലെന്നാണദ്ദേഹം പറയുന്നത്. കോൺഗ്രസ്സിന്റെ ആഹ്വാനമില്ലാതെ രാഷ്ട്രീയപണിമുടക്കങ്ങൾ നടത്തുന്നതും ഗാന്ധിജി നിരോധിച്ചിരിക്കുന്നു.

അതായതു, ആലോചനയിലിരിക്കുന്ന ജനപ്രതിനിധിസഭയെ വിജയിപ്പിക്കുന്നതിൽ കോൺഗ്രസ്സ് [...]പ്പെട്ടിരിക്കെ, സംസ്ഥാനങ്ങളിൽ ദേശീയ ഗവർമ്മെണ്ടുകൾ ഭരണം നടത്തുന്ന കാലത്തു, പണിമുടക്കുന്നവരെല്ലാം മദ്ധ്യസ്ഥത്തെ ശരണം പ്രാപിക്കണമെന്നും അനുഭാവപ്പണിമുടക്കങ്ങൾ പാടില്ലെന്നും ഗാന്ധിജി അനുശാസിക്കുന്നു.

അഖിലേന്ത്യാ തപാൽ പണിമുടക്കം മൂന്നാഴ്ചയിൽപരം നീണ്ടുനിന്നു; ഗവർമ്മെണ്ട് അതു മൂന്നുദിവസം നിലനിൽക്കുമെന്നു പ്രതീക്ഷിച്ചിട്ടില്ല, മദിരാശിയിലേയും ബോംബെയിലേയും മഹത്തായ അനുഭാവപ്പണിമുടക്കങ്ങളിൽ ലക്ഷക്കണക്കിനു തൊഴിലാളികൾ പങ്കെടുത്തു. ഇവയെല്ലാം മകുടം വെക്കുന്നതായിരുന്നു ജൂലായ് 29-ാംനു കൽക്കത്തയിൽ നടന്ന പ്രതിഷേധപ്പണിമുടക്കം—16 ലക്ഷം തൊഴിലാളികൾ അന്നു പുറത്തിറങ്ങി, പട്ടാളത്തെ നഗരത്തിൽനിന്നു പിൻവലിക്കേണ്ടിവന്നു. അന്നു വൈകുന്നേരത്തെ ഗംഭീര റാലിയിൽ ഒരൊറ്റ പോലീസുകാരനും ഹാജരാവാൻ ധൈര്യപ്പെട്ടില്ല. ഇതെല്ലാമാണു ഗാന്ധിജിയുടെ ലേഖനത്തിന്റെ പിന്നാമ്പുറം.

(തുടരും)

## "നമ്മുടെ സാഹിത്യനിരൂപണം"

(ഒരു തിരുത്ത്)

"പ്രസന്നകേരളത്തിന്റെ കർക്കടകം 19-ാംനു-യിലെ 15-ാം ലക്കത്തിൽ ശ്രീ. ഏ. ബാലകൃഷ്ണപിള്ളയുടെ" "നമ്മുടെ സാഹിത്യനിരൂപണം, iii" എന്ന ലേഖനത്തിൽ വളരെ അച്ചടിപ്പിഴകൾ വന്നു പോയതിൽ ഖേദിക്കുന്നു. ഇതിലുള്ള മൂന്നു പാരാകളിൽ ഒടുവിലത്തെ പാരാ രണ്ടാമത്തെ പാരായായും, രണ്ടാമത്തേതു ഒടുവിലത്തേതായും ചേർത്തു വായിക്കണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ ആ ലേഖനത്തിലെ 2-ാം പാരായുടെ മദ്ധ്യേയായി "ഈ ഓക്കാനം ജീവനുള്ള ഒരു സാഹിത്യത്തിന്റെ ഗർഭലക്ഷണമല്ല, പിന്നെയോ, ഗതിയനുസരിച്ചു," എന്നു അച്ചടിച്ചിട്ടുണ്ടായിരുന്നു. ഇതു "ഈ ഓക്കാനം ജീവനുള്ള ഒരു സാഹിത്യത്തിന്റെ ഗർഭലക്ഷണമല്ല, പിന്നെയോ, ചാപിള്ളപ്പേറിന്റെ ലക്ഷണം മാത്രമാണ്. ഇതു വിശ്വസാഹിത്യത്തിന്റെ ഗതിയനുസരിച്ചു," എന്നു തിരുത്തിവായിക്കാനും അപേക്ഷിക്കുന്നു.

— പത്രാധിപർ

## [...]ടോക്കിസ് ലിമിറ്റഡ്

## എറണാകുളം

[...]ിലെ 13-ം 14-ം ലക്കങ്ങളിൽ ചേർത്തിരുന്ന ഞങ്ങ[...]
[...]റ ഷെയർ വിൽപനയുണ്ട്", എന്നു കാണിച്ചിരുന്നു
[...]രം തിരുവിതാംകൂറിൽ ഷെയർവിൽപനയു[...]
[...]ിച്ചിട്ടില്ലെന്നുള്ള വിവരം പൊതുജനങ്ങളെ അ[...]

മാനേജിങ്ങ് ഏജന്റ്സ്

Printed a t the PowrarDhwany Press, Kottayam & Published by Anjili paampil Kumaran at Kottayam.